വേദപ്രചാര

മദ്ധ്യസ്ഥൻ

പുസ്തകം നാലാം ലക്കം [illegible]

Liscence No. 1-3

വിഷയവിവരണിക.

ക. ജപമാലരാജ്ഞി
ദിവ്യശ്രീ ചാലങ്ങാടിൽ തോമ്മാദത്തനാർ.

ഖ. മാർയൊസേപ്പിന്റെ ജീവചരിത്രം
നി. വ. ദി. ശ്രീ. ചെറുനാനച്ചൻതിരുമനസ്സുകൊണ്ട്.

ഗ. ജപമാല ഭക്തിവൈശിഷ്ട്യം
അയച്ചൂരപ്പെട്ടത്.

ഘ. ബഥനിയുടെ പ്രാർത്ഥന.
നി വ ദി ശ്രീ. മാർ ഇവാനിയോസ്
തെരുപ്പോളിത്തിരുമനസ്സുകൊണ്ട്.

ങ. പൗരസ്ത്യസഭകളും മാർപാപ്പായുടെ ശ്രേഷ്ഠാധിപത്യവും.
റവ. ഡാദർ. റോമേയോ തോമ്മസ്
ബി. എ. (ഓണേഴ്സ്.) എൽ. റ്റി.

ച. യാക്കോബായ സഭയുടെ പുനരൈക്യം
റവ. ഡാദർ. ഫ്രാൻസിസ് റ്റി. ഒ. സി. ഡി.
വിഎച്ച്. ഡി, ഡി ഡി., ഡിസിഎൽ

ഛ പ്രായോഗികമായ വേദപ്രചാരണം.
റവ ഡാദർ ജോജ്ജ് വടലിൽ വിശാഖപട്ടണം.

ജ. ജോൺ ബാപ്റ്റിസ്റ്റ്-ഡി-ലാ-സാർ
റവ. ഫാദർ ചാൾസ് റാഒ സി. ഡി. ബി. എ.

ഞ. കുട്ടനാട്ടിലെ ക്രൈസ്തവപ്രാർത്ഥന
(ചക്രാധിപർ.)

ട. "പൌരസ്ത്യസഭകൾ."
ശ്രീമാൻ കെ. ഇ. ജോബ് എം. എ. എൽറ്റി.

ഠ വാർത്താസംഗ്രഹം

ഡ ചരമവാർത്തകൾ

ഢ മനോഹരണവാർത്തകൾ

ണ പഞ്ചാംഗം

ത വിവിധങ്ങൾ

മദ്ധ്യസ്ഥൻ.

പുസ്തകം ന. } ഫൻസാ ഒക്ടോബർ. { ലക്കം ര.

ജപമാലരാജ്ഞി.

(ദിവ്യശ്രീ ചാലങ്ങാടിൽ തോമ്മാ കത്തനാർ)

(തമിഴ് തഞ്ചത്തിൽ "തായെ" എന്നമട്ട്.)

പല്ലവി.

രാജ്ഞീ! നിൻപാദേ മോദമോടോടിവന്നേൻ.

അനുപല്ലവി.

ജപമാലരാജ്ഞിക്ക്
അവമാനം വരുത്തൊല്ലെ.
പാപിയാമീയടിയൻ .... രാജ്ഞീ!

ചരണങ്ങൾ.

ഫ. കർത്താവിൻപ്രാർത്ഥനമാതൃസ്തോത്രംകൂട്ടി
ചേർത്തജപമാലയാം ബഹു
വരപ്രസാദപരിമളം തുകുന്ന
നേരായ രത്നമാലേ! .... രാജ്ഞീ!

ര. നൂറമ്പത്തുമൂന്നുമണിജപമാല
ഏറുവാങ്ങിയപുണ്യൻ—വഴി
ഉറവുസൂക്ഷിച്ചുതിരുസഭ ഇപ്പൊഴും
ഏറെംപൂജ്യമായിട്ടെ .... രാജ്ഞീ!

ന. വിശുദ്ധജപമാലവഴി മർത്യരെ
വിശുദ്ധരാക്കീടമ്മേ! ഞങ്ങൾ
അശുദ്ധരായിജീവിക്കാതിരിപ്പാനും
അനുഗ്രഹിക്കുന്നെപ്പൊഴുമേ .... രാജ്ഞീ!

മഹാത്മാവായ മാർ യൗസേപ്പിന്റെ
ജീവചരിത്രം.

അദ്ധ്യായം ൧൧

൧. ഓറശ്ലത്തു്—നമ്മുടെ വിശുദ്ധയുവാവ് ഓറശ്ലം നഗരത്തിൽ വന്നുചേർന്നയുടനെ ദേവാലയത്തിലേക്കാണു നേരിട്ടുപോയതു്. അവിടെ യഹോവായെ ആരാധിക്കുകയും യാത്ര ശുഭമായി അവസാനിച്ചതിനുവേണ്ടി ദൈവത്തിനു് ഉപകാരസ്മരണ അനുഷ്ഠിക്കുകയും ചെയ്തു. അതിനുശേഷം യൗസേപ്പു തന്നെത്തന്നെ സമ്പൂർണ്ണമായി ദൈവത്തിനു വീണ്ടും അർപ്പിച്ചുകൊണ്ടു ദേവാലയത്തിൽനിന്നും പുറപ്പെട്ടു യാത്രാക്ഷീണം തീർക്കുവാനായി ഒരു ഭക്ഷണശാലയിലേക്കുപോയി. അവിടെ യൌസേപ്പു ഭക്ഷണം കഴിക്കുകയുംരാത്രിയിൽ വിശ്രമിക്കുകയും ചെയ്തു. ഉറക്കത്തിൽ മാലാഖാ പ്രത്യക്ഷനായി യൌസേപ്പിന്റെ കൈവശമിരുന്ന പണത്തിൽ മൂന്നിൽ രണ്ടുഭാഗം ദേവാലയത്തിനു ദാനം ചെയ്യണമെന്നും ബാക്കിയുള്ളതു ഭിക്ഷകൊടുക്കുന്നതിനും സ്വന്ത ആവശ്യങ്ങൾ സാധിക്കുന്നതിനും വിനിയോഗിക്കണമെന്നും അവനെ മനസ്സിലാക്കി. അതനുസരിച്ചു യൌസേപ്പു രാവിലെ ഉണർന്നയുടനെ ദേവാലയത്തിൽചെന്നു കൈവശമുണ്ടായിരുന്ന പണത്തിന്റെ മൂന്നിൽ രണ്ടുഭാഗം അവിടെ ദാനം ചെയ്തുകൊണ്ടു യഹോവായെ സ്തുതിച്ചാരാധിക്കുകയും അവിടുത്തെ തിരുവുള്ളം മാലാഖാവഴിയായി തന്നെ ഗ്രഹിപ്പിച്ചതിനു നന്ദി പറയുകയും ചെയ്തു. ശേഷിച്ച സംഖ്യയിൽ അല്പം തനിക്കായി മാറ്റിവച്ചുകൊണ്ടു ബാക്കി മുഴുവനും ഭിക്ഷുക്കൾക്കു ധർമ്മം കൊടുത്തു.

൨. മരുപ്പണി ശീലിക്കുന്നു—വേദത്തിലും പുണ്യത്തിലും അസാമാന്യവിദഗ്ദ്ധത നമ്മുടെ യൌസേപ്പിനു സിദ്ധിച്ചിരുന്നുവെങ്കിലും തന്റെ മാതാപിതാക്കന്മാർ സമ്പൽസമൃദ്ധിയുള്ളവരായിരുന്നതിനാൽ, അവൻ യാതൊരു കൈത്തൊഴിലും പരിശീലിച്ചി

രുന്നില്ല. അതിനാൽ വിദേശമായ ഓഫ്രിത്തു് യൌസേപ്പിനു ഉപജീവനമാർഗ്ഗമൊന്നുമില്ലാതായി. ഭാഗ്യവശാൽ ഒരു വൃദ്ധനായ മരയാശാരിയുമായി പരിചയപ്പെടുന്നതിനും അയാൾക്കു ശിഷ്യപ്പെടുന്നതിനും നമ്മുടെ യൌസേപ്പിനു സാധിച്ചു. മൂപ്പനാശാരി തന്റെ യുവാവായ ശിഷ്യനെക്കൊണ്ടു കഴിവുള്ള ജോലിയൊക്കയും ദിവസംപ്രതി ചെയ്യിക്കുകയും സാധാരണ ഒരു വേലക്കാരനുള്ള ക്രൂലി അവനു പതിവായി കൊടുത്തുവരികയും ചെയ്തു. യൌസേപ്പുകട്ടെ ഇത്രയും അടിമവേലയിലുള്ള പരിചയക്കുറവുനിമിത്തം വളരെ കഷ്ടപ്പെട്ടുവെങ്കിലും ദൈവത്തെ പ്രസാദിപ്പിക്കുന്നതിനായി ഇതു കഠിനമായ ജോലി എതുയും സന്തോഷത്തോടും ജാഗ്രതയോടും നിവൃത്തിച്ചു. എന്നാലും തനിക്കു പതിവുണ്ടായിരുന്ന നമസ്കാരങ്ങൾക്കും മറ്റു ഭക്തകൃത്യങ്ങൾക്കും ഒരു മുടക്കവും വരുത്തിയില്ല. മാത്രമല്ല, യജമാനൻ അനുവദിച്ചിരുന്നപ്പോളെല്ലാം ദേവാലയത്തിൽപോയി ദൈവത്തെ ആരാധിക്കുന്നതിനു യൌസേപ്പ് ജാഗ്രുകനായിരുന്നു. തനിക്കു കിട്ടുന്ന ക്രൂലിയിലധികപങ്കും ഭിക്ഷുക്കൾക്കു കൊടുക്കുന്നതിനു നമ്മുടെ വിശ്രുദ്ധൻ മടിച്ചില്ല. ഇതു് യജമാനനറികയാൽ, അവൻ ദരിദ്രനായിരിക്കെ മറ്റു ദരിദ്രന്മാരെ സഹായിക്കുന്നതു വിവേകമല്ലെന്നു യൌസേപ്പിനെ ഉപദേശിച്ചു. "എന്നെക്കാൾ പാവപ്പെട്ടവരെ ഞാൻ സഹായിച്ചാൽ എനിക്കു യാതൊരു ദോഷവും വരികയില്ല. എന്തെന്നാൽ എന്റെ സാധുത്വം കണ്ടു ദൈവംതന്നെ എന്നെ എല്ലാ ആവശ്യങ്ങളിലും സഹായിക്കും" എന്നു നമ്മുടെ വിശ്രുദ്ധൻ പ്രത്യുത്തരം പറഞ്ഞു. ഈ ഉത്തരത്തിൽനിന്നു യജമാനനായ ഗുരുവിനു യൌസേപ്പിന്റെമേൽ ബഹുമാനമുണ്ടായി.

വി. യൌസേപ്പിനു് ഈശോയുടെ മേൽ ഒരു പൈതൃകമായ അധികാരം ഉണ്ടു്. ഈശോയുടെ പിതാവു് എന്ന സർവോൽകൃഷ്ടമായ നാമത്തിനു് അർഹതയുള്ള മറെറാരു വിശ്രുദ്ധൻ പോലുമില്ല.

(വി. ഈറാനീമോസു്)

ജപമാലഭക്തിവൈശിഷ്ട്യം.

(അയച്ചു തരപ്പെട്ടതു്.)

കത്തോലിക്കസഭ ആചരിച്ചുവരുന്ന വിശിഷ്ടമായ പുണ്യകൃത്യങ്ങളിൽ ദിവ്യപൂജയും കാനോനാ നമസ്കാരവും കഴിഞ്ഞാൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്ന ജപമാല ഭക്തിക്കു—സ്ഥാനസ്ഥിതിഭേദമെന്യേ ഏവരും ഒരുപോലെ അനുദിനം അനുഷ്ഠിച്ചുവരുന്ന ഈ മരിയ ഭക്തികൃത്യത്തിനു്—ധ്യാനാജ്ഞന്മാരെ ധ്യാനവിജ്ഞന്മാരാക്കിത്തീർക്കുന്ന ഈ ദൈവവരപ്രസാദഭണ്ഡാഗാരത്തിനു് ശിശുത്തൊട്ടി മുതൽ മാപ്പ്വാപ്പാമാരുടെ പരിരക്ഷണം അനുഭവിക്കുന്നതിനും, നിരവധി ബന്ധവിമോചന വിഭ്രഷണങ്ങളണിയുന്നതിനും, വിശിഷ്ടമായ ദൈവാനുഗ്രഹങ്ങളെ മനുഷ്യഗണത്തിനു പ്രദാനം ചെയ്യുന്നതിനും ഭാഗധേയം കൈവന്ന ഈ പ്രാർത്ഥനയ്ക്കു്—ഭാഗ്യസ്മരണയ്ക്കർഹനായ പതിമൂന്നാം ലെയോൻമാപ്പ്വാപ്പായിൽനിന്നുതന്നെ, സപ്രചാരണാർത്ഥം പന്ത്രണ്ടു തിരുവെഴുത്തും അവയിൽ ആദ്യത്തെ ലിഖിതംമൂലം പ്രതിവത്സരം ഒരുമാസം സപൂജക്കായി പ്രതിഷ്ഠയും സിദ്ധിച്ച കൊന്തനമസ്കാരത്തിനു—നിർദ്ദിഷ്ടമായിരിക്കുന്ന ഈ മാസത്തിൽ, അതിന്റെ മാഹാത്മ്യങ്ങളേയും നന്മകളേയും പററി അല്പം ചിന്തിക്കുന്നതു സകലർക്കും ഏററവും ഫലപ്രദമായിരിക്കുമല്ലോ.

കൊന്തനമസ്കാരത്തിനു് ഉപയോഗിക്കപ്പെട്ടന്ന ജപങ്ങൾ ഏവയെന്നു് ആദ്യമായി നമുക്കല്പം ചിന്തിക്കാം. ജപമാലയിലെ ആദ്യരത്നം നമ്മുടെ വിശ്വാസത്തിന്റെ മൌലികതത്വങ്ങളെ പ്രഖ്യാപനം ചെയ്യുന്ന വിശ്വാസപ്രമാണമാണു്. വേറൊന്നു് "ആകാശങ്ങളിൽ ഇരിക്കുന്ന" എന്ന ജപമാകുന്നു. ലോകൈകഗുരുവായ ദൈവപുത്രൻ പഠിപ്പിച്ച ഏകനമസ്കാരമാണു് ഇതെന്നു പറയുമ്പോൾ തന്നെ ഇതിന്റെ വില പ്രത്യക്ഷപ്പെട്ടന്നതാണല്ലൊ. സുവിശേഷസാരം എന്നതെ തെർത്തുല്യൻ ഇ

തേപ്പറ്റി പറഞ്ഞിട്ടുള്ളതു്. ഇതുപോലെ പരിപൂർണ്ണമായ ഒരു പ്രാർത്ഥന ഇതുവരെ ഉണ്ടായിട്ടില്ലെന്നു നിരീശ്വരവാദികൾപോലും സശിരസ്കമ്പം സമ്മതിക്കയും അപ്രകാരം പ്രഖ്യാപനം ചെയ്കയും ചെയ്യുന്നു. പരിപൂർണ്ണത ദൈവത്തിനു മാത്രമായിട്ടുള്ളതാണല്ലൊ. അടുത്തുവരുന്നതു് "നന്മനിറഞ്ഞ മറിയം" എന്ന നമസ്കാരമാണു്. ദൈവമാതാവിനെക്കുറിച്ചുള്ള സകല പ്രബോധനങ്ങളും അടക്കിക്കൊള്ളുന്ന ഇതിന്റെ പൂർവ്വാർദ്ധം ദൈവത്താൽ വിരചിതവും ദൈവപുത്രൻ കന്യകോദരം സ്വവാസഗേഹമായി സ്വീകരിച്ചപ്പോൾ പരിശുദ്ധകന്യകമറിയത്തോടു ഗൈറിയേൽ ദൈവദൂതനാൽ പ്രഖ്യാപിതവുമാണു്. ഉത്തരാർദ്ധം 15-ാം ശതകത്തിൽ എഫേസൂസിൽ സമ്മേളിച്ച സൂനഹദോസിൽവച്ചു നെസ്തോറിയൻ പതിതമതസ്ഥർക്കെതിരായി ക്രൂട്ടിച്ചേർക്കപ്പെട്ടതാകുന്നു. ദൈവദൂതൻ മംഗളവാർത്ത അറിവിച്ചപ്പോൾ ആ കന്യകാരത്നത്തിനു ഉവായ അതേ ആനന്ദംതന്നെയാണു് ഈ ജപം നാം ഉച്ചരിക്കുമ്പോളും അവർക്കുണ്ടാകുന്നതു്. ഈ ജപം ചൊല്ലി അവരെ ബഹുമാനിക്കുമ്പോൾ, ദൈവം അവരെ പ്രശംസിച്ചതിൽ കൂട്ടുതലായി നാം ഒന്നും ചെയ്യുന്നില്ല. ദൈവം അവരെ സ്തുതിച്ചതിൽ കൂട്ടുതലായി സ്തുതിക്കുവാൻ യാതൊരു സൃഷ്ടിക്കും സാധിക്കുകയില്ല. വേറൊന്നാണു് ത്രീത്വസ്തുതി. അതു ത്രീയേകദൈവത്തിനെ പുകഴ്ത്തുന്ന ഒന്നാണല്ലൊ. ഈ മാലയുടെ മാറിനെ വർദ്ധിപ്പിക്കുവാൻ പര്യാപ്തമായ മറെറാന്നാണു് അതിനോടുകൂടി സംഘടിതമായിരിക്കുന്ന ധ്യാനം. ഒരു മുഴുവൻകൊന്ത ജപിച്ചുകഴിയുമ്പോൾ നമ്മുടെ പരിത്രാതാവായ ഈശോയുടെ മനുഷ്യാവതാര രഹസ്യം മുഴുവനും ഒരാവർത്തി സംക്ഷിപ്തമായിട്ടെങ്കിലും ധ്യാനിച്ചുകഴിയും. ഇപ്രകാരം ബാഹ്യാന്തരികശക്തികളെ ഉപയോഗിച്ചുള്ള ഒരു യഥാർത്ഥപ്രാർത്ഥനയാകുന്നു ജപമാലാ നമസ്കാരം.

കൊന്തയ്ക്കും കൊന്തനമസ്കാരത്തിനും വി. മാർപാപ്പാമാർ കല്പിച്ചരുളിയിരിക്കുന്ന ദണ്ഡവിമോചനങ്ങൾ നിരവധിയത്രെ. അവയിൽ പ്രാധാന്യാർഹമായ ഏതാനും ചിലതിനെ മാത്രം ഇവിടെ രേഖപ്പെടുത്താൻ ശ്രമിക്കാം. ഒക്ടോബർ മാസത്തിൽ ഒരിടവക പള്ളിയിൽ പ്രവേശിച്ചു് വി. കുർബാനയുടേയൊ അഥവാ

വാഴ്വിന്റേയോ സമയത്തു ജപമാലാപ്രാർത്ഥനയുടെ മൂന്നിലൊ രുഭാഗം അതായതു അഞ്ചു രഹസ്യങ്ങളും ജപിക്കുന്ന ഓരോരുത്ത ക്കും ഓരോദിവസവും ഏഴുകൊല്ലത്തേയും ഏഴുപ്രാവശ്യം നാല്പതു ദിവസത്തേയും ദണ്ഡവിമോചനം ലഭിക്കുന്നതാണു്. പത്തുദി വസം ഇപ്രകാരം അനുഷ്ഠിച്ചശേഷം പാപസങ്കീർത്തനം കഴിച്ചു ദിവ്യകാരുണ്യം സ്വീകരിക്കുന്നവർ ഒരു പൂർണ്ണദണ്ഡവിമോചനം കൂടി പ്രാപിക്കുന്നു. അടുത്തകാലത്തെ കല്പനപ്രകാരം സാധാര ണമായി പൂർണ്ണദണ്ഡവിമോചനസ്വീകരണാർത്ഥം അനുഷ്ഠേയമായ തിനെ നിവർത്തിക്കയും വി. കുർബാനയുടെ മുമ്പിൽ വച്ചു ജപമാ ലയുടെ അഞ്ചുരഹസ്യങ്ങളും ചൊല്ലുകയും ചെയ്യുന്ന ഏവർക്കും ഒരു പൂർണ്ണദണ്ഡവിമോചനം ലഭിക്കുവാൻ പാടുണ്ടു്. കൊന്തമാതാ വിന്റെ തിരുനാൾ ദിവസമോ അല്ലെങ്കിൽ അടുത്ത എട്ടുദിവസ ങ്ങളിൽ ഏതെങ്കിലും ഒരു ദിനമൊ പാപസങ്കീർത്തനാവശ്യം വി. കുർബാന സ്വീകരിച്ചു മാർപാപ്പായുടെ നിയോഗപ്രകാരം പ്രാ ർത്ഥിക്കുന്നവർക്കു് ഒരു പൂർണ്ണദണ്ഡവിമോചനം ലഭിക്കുവാൻ കഴിയു ന്നതാണു്. പലനാമത്തിൽ ഒരുജപമാല വെഞ്ചരിക്കുവാൻപാ ടുണ്ടു്. എന്നാൽ ക്രോസിയേഴ്സിന്റേയും വി. ഡോമിനിക്കി ന്റേയും കൊന്തകൾക്കാണു് കൂടുതൽ ദണ്ഡവിമോചനങ്ങളും കൽപിച്ചിട്ടുള്ളതു്. കൂടാതെ ഈ രണ്ടുവെഞ്ചരിപ്പുകളും ഒരു ജപ മാലയ്ക്കുതന്നെ കൊടുക്കാവുന്നതുമാണു്. പ്രസ്തുത ജപമാലഉപ യോഗിക്കുന്നതുകൊണ്ടു രണ്ടിന്റേയും ദണ്ഡവിമോചനം ഒരേ അ വസരത്തിൽ പ്രാപിപ്പാൻ കഴിയും. ക്രോസിയേഴ്സിന്റെ വെ ഞ്ചരിപ്പോടു കൂടിയതു് ഉപയോഗിച്ചു ചൊല്ലുന്ന ഓരോ 'ആകാ ശങ്ങളിലിരിക്കുന്ന' ജപത്തിനും 'നന്മനിറഞ്ഞമറിയം എന്നജപ ത്തിനും അഞ്ഞൂറുദിവസത്തെ ദണ്ഡവിമോചനം കൽപിച്ചരുളി യിട്ടുണ്ടു്. ഇതു് ഓരോമണിക്കുമാകയാൽ പ്രസ്തുത ദണ്ഡവിമോ ചനം ലഭിക്കുന്നതിനു് ഒരു കൊന്ത എത്തിക്കണമെന്നില്ല.

ഈ ഭക്തകൃത്യം ദൈവമാതാവായ പരിശുദ്ധ കന്യകയാൽ സ്ഥാപിതമാകയാലും അതിന്റെ ഉദ്ദേശ്യങ്ങളും വിജയങ്ങളും ഏ റെറവും ഉന്നതങ്ങളാകയാലും ജപമാലയുടെ മാഹാത്മ്യംഅവർണ്ണനീ യമാണെന്നു പറയേണ്ടിയിരിക്കുന്നു. അതിലടങ്ങിയിരിക്കുന്ന

വിശിഷ്ടമായ ജപങ്ങളംതന്നെ അതിന്റെ മാഹാത്മ്യത്തെ പ്രഖ്യാപനം ചെയ്യുന്നു. കത്തോലിക്കാ മതപ്രബോധനസാരമെന്നു് അപരനാമമുള്ള ഈ പുണ്യാഭ്യാസം അനുഷ്ഠിക്കുന്നവർക്കു ലഭിക്കുവാൻ പാടുള്ള അനേക ഭണ്ഡവിമോചനങ്ങളെ മാത്രം ആലോചിച്ചാൽ, ഇതിന്റെ മാഹാത്മ്യം ധാരാളം വെളിപ്പെട്ടുന്നതാണു്. കത്തോലിക്കനെ അകത്തോലിക്കനിൽനിന്നും, പ്രകാശത്തിന്റെ പുത്രനെ ഇരുട്ടിന്റെ പുത്രനിൽനിന്നും തിരിച്ചറിയുന്നതിനുള്ള ഒരു നികഷമായി ഇതു് പരിലസിക്കുന്നു. ഇത്ര മഹനീയമായ ഒരു ഭക്തിയെ എത്രകണ്ടു് ശ്രദ്ധാപൂർവ്വമാണു നാം അനുഷ്ഠിക്കേണ്ടതു്. മറിയഭക്തി തിരിഞ്ഞെടുപ്പിന്റെ ലക്ഷ്യമാണെന്നല്ലയൊ ക്രൈസ്തവ ശ്രേഷ്ഠന്മാർ പഠിപ്പിക്കുന്നതു്. അതുകയാൽ നമുക്കു നമ്മുടെ അമ്മയായ ദൈവമാതാവിനെ ഭക്തി ബഹുമാനാദരവുകളോടുകൂടി സ്നേഹിക്കയും കൊന്തനമസ്ക്കാരം ഭക്തിപൂർവ്വം കൃത്യസമയത്തു ചൊല്ലുകയും ചെയ്യാം.

ഈ കൃത്യംമാത്രം ഭക്തിയോടുകൂടി നാം അനുദിനം അനുഷ്ഠിക്കുന്നെങ്കിൽ, മാതാവിനെ പ്രസാദിപ്പിക്കുന്നതിനും, തന്റെ രക്ഷാകർത്തൃത്വത്തിന്റെ വിസ്മയനീയഫലങ്ങളെ അനുഭവിക്കുന്നതിനും നമുക്കു സാധിക്കുന്നതാണു്. അപ്പോൾനമ്മുടെ അന്ത്യം സുരക്ഷിതമായിത്തീരുകയും ചെയ്യും. ആ വാനരാജ്ഞിയുടെ നേർക്കുള്ള നമ്മുടെ സ്നേഹബഹുമാനങ്ങളെ പ്രദ്യോതിപ്പിക്കുന്ന ജപമാല നമസ്ക്കാരം ശ്രദ്ധാപൂർവ്വം ജപിക്കുന്നതിനു് നമ്മെ പ്രോത്സാഹിപ്പിക്കുവാൻ പര്യാപ്തമായ വി. ബർണ്ണാർഡ് പുണ്യവാന്റെ വാക്കുകളിൽ ഈ ചെറുലേഖനം അവസാനിപ്പിച്ചുകൊള്ളട്ടെ. "മറിയത്തെ അനുഗമിക്കുമ്പോൾ നീ വഴിപിഴച്ചുപോകയില്ല; അവളോടു പ്രാർത്ഥിക്കുമ്പോൾ നീ നിരാശക്കടിനനാകയില്ല; അവളെപ്പറ്റി ചിന്തിക്കുമ്പോൾ നീ തെറ്റിൽ അകപ്പെടുകയില്ല; അവൾ നിന്നെ താങ്ങിയിരിക്കുമ്പോൾ നീ വീഴുകയില്ല; അവളുടെ രക്ഷയിലായിരിക്കുമ്പോൾ നീ ഭയപ്പെടുകയില്ല; അവൾ നിന്നെ നയിക്കുമ്പോൾ നീ ക്ഷീണിക്കയില്ല; അവൾ നിന്നെ സഹായിക്കുമ്പോൾ അപകടസ്പർശമെന്നു നീ ചെന്നുചേരും.

ബഥനിയുടെ പ്രാർത്ഥന.

(നി. വ. ദി. ശ്രീ. മാർ ഇവാനിയോസ്
മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട്.)

ലോകൈകനാഥാ, ജഗൽപ്പിതാവേ, കരുണതോന്നി, അനുകമ്പതോന്നി, ബഥനിയെ തുപ്പാദപീഠമാക്കിയാലും! ഏതിന്റെ വിദ്യുത്സ്പർശനമാത്രയിൽ ഇളകി മറിഞ്ഞുകൊണ്ടിരുന്ന തിരമാലകളും ചെറുകൈകളും ക്ലുപ്തി നിന്നുവോ അവിടുത്തെ ആ തൃക്കാലുകളെ, പശ്ചാത്താപവിവശയായ മഗ്ദലനമറിയം ഏതിനെ അവളുടെ ചുടുകണ്ണുനീർകൊണ്ടു കഴുകിത്തുവർത്തിയോ ആ തുപ്പാദങ്ങളെ, ഇരുമ്പാണികളാൽ കുത്തിത്തുളയ്ക്കപ്പെട്ട ആ പാദപത്മങ്ങളെത്തന്നെ, കവിണ്ഡവീണെ ഭക്തിപൂർവം ചുംബിപ്പാൻ ബഥനിയെ അവിടുന്നാശീർവദിച്ചാലും! സമുദ്രത്തിലെ കല്ലോലമാലകളെ ചവിട്ടിത്താഴ്ത്തിയ ആ തൃക്കാലുകളും, കണ്ണുനീരിൽ കുളിച്ച ആ തുപ്പാദങ്ങളും, രക്തംപുരണ്ട ആ തൃക്കാലിണകളും, തിരുവുള്ളമുണ്ടായി ബഥനിയുടെ മൂർദ്ധാവിൽ എന്നെന്നും പതിയുമാറാവട്ടെ.

തിരുമുറിവുകളിൽ ബഥനിയിതാ സ്നേഹചുംബനമർപ്പിച്ചുകൊള്ളുന്നു. അനുകമ്പതോന്നി രക്തസിരകളിലൂടെ ബഥനിയെ അവിടുന്നു വലിച്ചുകൊണ്ടാലും! തിരുഹൃദയത്തിൽ കുടികൊള്ളുവാൻ അതിന്നിടയാവട്ടെ! അതാണല്ലൊ അതിന്റെ ഉദ്ദേശ്യം. അതിന്നുതന്നെയാണല്ലൊ അവിടുന്നു അതിനെ നിർമ്മിച്ചിട്ടുള്ളതും.

സ്വർഗ്ഗസ്ഥനായ പിതാവേ, അപ്പാ, പാപസമുദ്രത്തിൽ കിടന്നു് അവിടുത്തെ പ്രിയപ്പെട്ട മക്കൾ മുങ്ങിത്തുടിക്കുമ്പോഴും, പരീക്ഷകളാകുന്ന ചുഴലിക്കാറ്റുകളിൽ കിടന്നു കറങ്ങിക്കൊണ്ടിരിക്കുമ്പോഴും, കഷ്ടാരിഷ്ടതകളാകുന്ന ചുഴലികളിൽ കുരുങ്ങി ശ്വാസം മുട്ടുമ്പോഴും, കരളലിവുള്ളവനായ രക്ഷകനെ, പത്രോസുശ്ലീഹായുടെ നേരെയെന്നപോലെ ആ ബലമുള്ളതായ വലത്തുകൈ നീട്ടി ഞങ്ങളെയും സർവ്വജനങ്ങളെയും മോചിക്കേണമെ. അവിടുത്തെ കൃപാകടാക്ഷം തന്നെ ഞങ്ങളുടെ പരമാശ്രയം. അവിടുത്തെ സ്നേഹിപ്പാൻ ഇടയാകുന്നതുതന്നെ ഞങ്ങൾക്കു പരമഭാഗ്യം. അവിടുത്തെ സമ്പാദിക്കുമ്പോൾ ഞങ്ങൾക്കു സർവതുമായി.

ഗിരിദീപം.

പൌരസ്ത്യസഭകളും മാർപ്പാപ്പായുടെ ശ്രേഷ്ഠാധിപത്യവും.

റവ. ഫാദർ റോമിയോ തോമ്മസ് സി. ഡി.
ബി. എ. ഓണേഴ്സ് എൽ. ടി.

ക്രൈസ്തവലോകത്തിൽ വിവിധങ്ങളായ പ്രാദേശികസഭകളുണ്ടായിരുന്നെങ്കിലും ഇവയെ രണ്ടുപ്രധാന ഇനങ്ങളായി തിരിച്ചിരുന്നു. ദിവ്യപുത്രന്റെ മനുഷ്യാവതാരകാലത്തു ലോകത്തിലുണ്ടായിരുന്ന ഏറ്റവും പ്രധാനസാമ്രാജ്യം റോമായായിരുന്നു. മധ്യധരണിക്കടലിന്റെ നാലുകരകളിലുമുള്ള പ്രദേശങ്ങളും മുഴുവനും, അതായതു യൂറോപ്പിന്റെ ഭക്ഷിണാർദ്ധവും പാശ്ചാത്യ ഏഷ്യായും ഉത്തരആഫ്രിക്കായും, മുഴുക്കിപ്പറയുന്നപക്ഷം, പരിഷ്കാരലോകത്തിന്റെ മഹാഭ്രരിഭാഗവും, റോമാ സാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. മിശിഹാ ഭ്രജാതനായതും പ്രസംഗിച്ചതും, ക്രിസ്തീയസഭ ആദിമ ശതാബ്ദങ്ങളിൽ പ്രധാനമായി പ്രചരിച്ചതും ഇവിടെത്തന്നെയാണു്. ഈ മഹാസാമ്രാജ്യത്തെ ക്രമേണ പാശ്ചാത്യസാമ്രാജ്യമെന്നും പൌരസ്ത്യസാമ്രാജ്യമെന്നും രണ്ടു വൻപ്രദേശങ്ങളായി വിഭജിച്ചു. മധ്യധരണിക്കടലിന്റെ നടുക്കുകുടി തെക്കുവടക്കായി സങ്കല്പിക്കുന്ന ഒരു വര, ഈ രണ്ടു സാമ്രാജ്യഭാഗങ്ങളേയും തമ്മിൽ വേർതിരിക്കുന്നുണ്ടു്. ഈ വരയ്ക്കു പടിഞ്ഞാറും, കിഴക്കുമായി, ഇരുകരകളിലുമുള്ള പ്രദേശങ്ങളും പാശ്ചാത്യ, പൌരസ്ത്യ സാമ്രാജ്യങ്ങളായിരുന്നു. പാശ്ചാത്യസാമ്രാജ്യത്തിൽ ലത്തീൻഭാഷയ്ക്കു് ഔദ്യോഗികമായ പ്രാധാന്യവും പ്രചാരവുമുണ്ടായിരുന്നു. പൌരസ്ത്യസാമ്രാജ്യത്തിലാകട്ടെ മൊത്തത്തിൽ ഗ്രീക്കു ഭാഷയ്ക്കായിരുന്നു കൂടുതൽ പ്രാധാന്യം.

സാമ്രാജ്യത്തിന്റെ ഈ ഇരുവിഭാഗങ്ങളെ ക്രിസ്തീയസഭയും ഏറെക്കുറെ സ്വീകരിച്ചു. പാശ്ചാത്യസാമ്രാജ്യത്തിലെ വിവിധപ്രാദേശികസഭകളുടെ സമൂഹം, പാശ്ചാത്യസഭ അഥവാ ലത്തീൻസഭ എന്നു വിളിക്കപ്പെട്ടു. പൌരസ്ത്യറോമാ സാമ്രാജ്യ

ത്തിലും, അതിനു പുറമേയുള്ള പൌരസ്ത്യരാജ്യങ്ങളിലുമുള്ള പ്രാദേശികസഭകളുടെ കൂട്ടം, പൌരസ്ത്യസഭ എന്നും അറിയപ്പെട്ടു തുടങ്ങി. പാശ്ചാത്യസഭയിൽ ഉണ്ടായിരുന്നിടത്തോളം ഐകരൂപ്യം പൌരസ്ത്യസഭയിൽ ഉണ്ടായിരുന്നില്ല. റോമ്മായിൽ ആദ്യശതാബ്ദങ്ങളിൽ ഗ്രീക്കുഭാഷയിൽ പരസ്യാരാധന നടത്തിയിരുന്നെങ്കിലും ക്രമേണ അവിടെയും പാശ്ചാത്യസഭ മുഴുവനിലും ലത്തീൻഭാഷ പരസ്യാരാധനാ ഭാഷയായി തീർന്നു. അതുപോലെ റോമൻ ആരാധനക്രമവും പാശ്ചാത്യസഭ മുഴുവനിലും സ്വീകരിക്കപ്പെട്ടു. പൌരസ്ത്യസഭയിൽ ആരംഭം മുതൽക്കു തന്നെ ഗ്രീക്കും സുറിയാനിയും പരസ്യാരാധനാ ഭാഷകളായി ഉപയോഗിച്ചിരുന്നു. ക്രമേണ മറ്റു ചില ഭാഷകളും ആരാധനാ ഭാഷകളായി തീർന്നു. പല പ്രദേശങ്ങളിലെയും ആരാധനക്രമങ്ങളും വ്യത്യസ്തരീതിയിൽ വളർന്നുവന്നു. ഗ്രീക്കു്, പൌരസ്ത്യസുറിയാനി, അലേമ്മേനിയൻ, ഇഥ്യോപ്യായ, പാശ്ചാത്യസുറിയാനി എന്നിങ്ങനെ വിഭിന്നങ്ങളായ ആരാധനക്രമങ്ങളും അതാതു ഭാഷകളിൽ തന്നെ പ്രദേശങ്ങളിൽ നടപ്പായി. അതോടുകൂടെ ഇപ്രകാരം വ്യത്യസ്തങ്ങളായ പ്രദേശങ്ങളും പൌരസ്ത്യസഭയുടെ വ്യത്യസ്തഭാഗങ്ങളായി, അഥവാ വ്യത്യസ്തങ്ങളായ പൌരസ്ത്യസഭകളായി ഗണിക്കപ്പെട്ടു തുടങ്ങി. ഗ്രീക്കു് ആരാധനക്രമം പേഷ്യർ, മോറേവിയർ മുതലായ സ്ലാവുജാതിക്കാരും മറ്റും സ്വഭാഷകളിൽ ഉപയോഗിച്ചു തുടങ്ങിയതിനോടുകൂടെ, ഗ്രീക്കുസഭയിൽതന്നെ ഉപസഭകളും ഉണ്ടായി. പാശ്ചാത്യസഭയിൽ ആരാധനാഭാഷയും ആരാധനക്രമവും ഒന്നിനൊന്നു് ഏകീഭവിച്ചു്, എല്ലാപ്രദേശങ്ങളിലുംഏറെക്കുറെ ഒന്നായി തീർന്നെങ്കിൽ, പൌരസ്ത്യസഭയിലെ ഗതി നേരെ മറിച്ചായിരുന്നു. അവിടെ വിവിധപ്രദേശങ്ങളിൽ ആരാധനക്രമങ്ങളും ആരാധനാ ഭാഷകളും ഒന്നിനൊന്നിനു വ്യത്യസ്തങ്ങളായി വളർന്നുവന്നു.

ഇങ്ങനെ പരസ്യാരാധനാഭാഷയും ആരാധനക്രമവും സംബന്ധിച്ചു്, പാശ്ചാത്യസഭയും പൌരസ്ത്യസഭയും തമ്മിലും, വിവിധപൌരസ്ത്യസഭകളും തമ്മിലും, വ്യത്യാസങ്ങളുണ്ടായെങ്കിലും, വിശ്വാസസംബന്ധമായും ക്രമാശകളുടെയും പൂജയുടെയുംസാ

രാംശസംബന്ധമായും ഭരണസംബന്ധമായുമുള്ള സംഗതികളിൽ പൂർണ്ണമായ ഐകരൂപ്യമുണ്ടായിരുന്നു. ആകയാൽ അവ ഒരേ കത്തോലിക്കാ സഭയുടെ ഭാഗങ്ങളായിരുന്നു. വിശ്വാസസംബന്ധമായി അബദ്ധങ്ങളും "ഇടത്തുട്ട"കളും പഠിപ്പിച്ചിരുന്നവർ, പൌരസ്ത്യരായിരുന്നാലും പാശ്ചാത്യരായിരുന്നാലും, കത്തോലിക്കാസഭയിൽനിന്നു പുറത്തുവന്നു ബഹിഷ്കൃതരായിരുന്നു. പൌരസ്ത്യസഭയിൽ ആദ്യത്തെ നാലുനൂറ്റാണ്ടുകളിൽ മുളച്ചുവന്ന, കത്തോലിക്കാസഭയിൽനിന്നു പൊതുവായി തിരസ്കരിക്കപ്പെട്ട "ഇടത്തുട്ട" കാരാണ് എബിയൊനീത്തർ, മൊന്തനീസ്തർ, ത്രിത്വദ്വേഷികൾ, മനീക്കിയർ, അരിയൂസിന്റെ മതക്കാർ, മസിദോനിയർ, അപ്പൊള്ളിനരീസ്തർ മുതലായവർ. വലന്തീനിയർ, മർസിയൊനീത്തർ, നൊവേഷ്യർ, ഡൊനാറിസ്തർ, പ്രിഷില്ലിയനീസ്തർ, പെലാജിയർ മുതലായ "ഇടത്തുട്ട"കാർ, പാശ്ചാത്യസഭയിൽ മുളച്ചവരാണ്. അവരും പാശ്ചാത്യ പൌരസ്ത്യസഭകളുംപ്പെട്ട കത്തോലിക്കാസഭയിൽനിന്നു നിരാകൃതരായി. ഇപ്രകാരമുള്ള പാശ്ചാത്യപാഷണ്ഡരെയോ, പൌരസ്ത്യപാഷണ്ഡരേയോ, കത്തോലിക്കാസഭയുടെ അംഗങ്ങളായ പ്രാദേശികസഭകളായി പാശ്ചാത്യപൌരസ്ത്യസഭകളും അംഗീകരിച്ചിരുന്നുമില്ല. പാശ്ചാത്യപൌരസ്ത്യസഭകളും വിശ്വാസവിഷയത്തിലുണ്ടായിരുന്ന പരിപൂർണ്ണമായ ഐക്യത്തിനു് ഈ "ഇടത്തുട്ട്" സമൂഹങ്ങളും പ്രതിബന്ധങ്ങളായിരുന്നുമില്ല.

ഭരണാലടനയിൽ മിശിഹായുടെ സഭയ്ക്കു് ഉണ്ടായിരിക്കണമെന്നു് അവിടുന്നാജ്ഞാപിച്ചിരുന്ന ഐകരൂപ്യം പാശ്ചാത്യപൌരസ്ത്യസഭകളും ആദിമശതാബ്ദങ്ങളിൽ ഉണ്ടായിരുന്നുവെന്നു പ്രത്യേകം പ്രസ്താവിച്ചുകൊള്ളുന്നു. റോമാ മെത്രാനായ മാപ്പാപ്പായെ വിശുദ്ധപത്രോസിന്റെ പിൻഗാമി എന്ന നിലയിൽ കത്തോലിക്കാ സഭയുടെ പൊതുതലവനായി, പാശ്ചാത്യസഭയും പൌരസ്ത്യസഭയും അംഗീകരിച്ചിരുന്നു. വിവിധപൌരസ്ത്യസഭകളും മാപ്പാപ്പായെ റേശ് (തല) പാത്രിയക്കീസായി അനുസരിച്ചിരുന്നു. ആ സഭകളുടെ ഇന്നും ശേഷിച്ചിരിക്കുന്ന പൂർവികനിയമസംഹിതകളും ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ടു്. എന്നാ

പൂർവ്വകാലങ്ങളിൽ ഇന്നേപ്പോലെ ഭരണം കേന്ദ്രീകരിക്കാൻസാ ധിക്കയില്ലായിരുന്നു. ശീഘ്രത്തിലും സുഗമമായും യാത്ര ചെയ്യുന്നതിനും വാർത്താവിതരണം ചെയ്യുന്നതിനും പിൽക്കാലങ്ങളിലുണ്ടായി വന്ന സൌകര്യങ്ങളും മാർഗ്ഗങ്ങളും ആദ്യശതാബ്ദങ്ങളിലുണ്ടായിരുന്നില്ല. മാത്രമല്ല, നാലാം നൂറ്റാണ്ടിന്റെ പ്രാരംഭഘട്ടമുൾപ്പടെ, ആദ്യത്തെ നൂറ്റാണ്ടുകളിൽ റോമാസാമ്രാജ്യം മുഴുവനിലും, മാർപ്പാപ്പായുടെ ആസ്ഥാനമായിരുന്ന റോമാപ്പട്ടണത്തിൽ പ്രത്യേകിച്ചും, ഭയങ്കരമായ വേദപീഡനം പ്രബലപ്പെട്ടിരുന്നു. പരസ്യമായ അധികാരപ്രയോഗത്തിനു് ഈ വേദപീഡനം മാർപ്പാപ്പായിക്കു പലപ്പോഴും ഒരു തടസ്സമായിരുന്നു. ഈ കാരണങ്ങളാൽ സാധാരണകാര്യങ്ങളിൽ പ്രാദേശിക സഭകൾക്കു് ഒരുതരം പൂർണ്ണമായ സ്വയംഭരണം അനുവദിച്ചിരുന്നു. വിശ്വാസം സംബന്ധിച്ച സംഗതികളിലും ഭരണസംബന്ധമായ പ്രധാനപ്പെട്ട സംഗതികളിലും മാത്രമേ മാർപ്പാപ്പാമാർ സാമാന്യമായി ഇടപെട്ടിരുന്നുള്ളൂ. എങ്കിലും കത്തോലിക്കാസഭയുടെ കാണപ്പെട്ട പൊതുതലവൻ മാർപ്പാപ്പായാണെന്നും മാർപ്പാപ്പായോടുള്ള ഐക്യം (Communion) ഓരോ പ്രാദേശികസഭയ്ക്കും ഒഴിച്ചുകൂടാത്ത ഒരു കടമയാണെന്നുമുള്ള ബോധം പാശ്ചാത്യപൌരസ്ത്യ സഭകളിൽ ഉണ്ടായിരുന്നു. റോമാസഭയിൽ അപ്പസ്തോലസിംഹാസനത്തിന്റെ ആധിപത്യം (Principatus) എല്ലായ്പോഴും ഉണ്ടായിരുന്നതായി വി. ആഗസ്തീനോസ് പ്രസ്താവിക്കുന്നു. (1) റോമാസഭ എല്ലാവരുടെയും മേലും അദ്ധ്യക്ഷം വഹിക്കുന്നുവെന്നു വി. ഗ്രിഗോരിയോസ് നസ്യാൻസൻ എഴുതിയിരിക്കുന്നു. (2) വി. അംബ്രോസീസിന്റെ അദ്ധ്യക്ഷതയിൽ 381-ൽ അക്വീലയായിൽ സമ്മേളിച്ച സൂനഹദോസ് റോമാചക്രവർത്തിയായ ഗ്രസ്യാനോസിനു് എഴുതിയ ലേഖനത്തിൽ പാശ്ചാത്യപൌരസ്ത്യ സഭകൾ ഉൾപ്പെട്ട റോമാസാമ്രാജ്യം മുഴുവന്റെയും ആത്മീയനേതൃത്വം റോമാസഭയ്ക്കാണെന്നും ഐക്യത്തിന്റെ അവകാശങ്ങൾ ആ സഭയിൽനിന്നു് എല്ലാവരിലേക്കും പ്രവഹിക്കുന്നുവെന്നും പ്രസ്താവിച്ചു. (1) ക

(1) ML. XXXIII, 163. (2) MG. XXXVII, 1068.

ത്തോലിക്കാ സഭയോടുള്ള ഐക്യവും റോമാസിംഹാസനത്തോടുള്ള ഐക്യവും ഒന്നുതന്നെയായി ഇട്ടേഹം ഗണിക്കുന്നു. (4) മൂന്നാംനൂറ്റാണ്ടിലെ സുപ്രസിദ്ധസഭാപിതാവായ വി. സിപ്രിയൻ പറയുന്നതു്, റോമാസിംഹാസനം വി. പത്രോസിന്റെ സിംഹാസനവും, വൈദികൈക്യത്തിന്റെ ഉല്പത്തിസ്ഥാനമായ പ്രധാന സഭയും, ആണെന്നും, (5) മാറ്റ്പ്പാപ്പായുമായുള്ള ഐക്യവും കത്തോലിക്കാ സഭയുടെ ഐക്യവും ഒന്നുതന്നെയാണെന്നും (6) അത്രെ. നാലാം നൂറ്റാണ്ടിൽ ആഫ്രിക്കായിൽ പ്രകാശിച്ചിരുന്ന ദീപമായ വി. ഒപ്ടാത്തുസ് പ്രസ്താവിക്കുന്നതു്, റോമാ മാറ്റ്പ്പാപ്പായുടെ ഐക്യത്തിൽനിന്നു പിൻമാറുന്നവൻ ശീസ്മക്കാരനും പാപിയുമായി തീരുന്നുവെന്നത്രെ. (7) ഈ വിശ്രുതപിതാക്കന്മാരെല്ലാവരും, യാക്കോബായക്കാരും നെസ്തോറിയരും അഞ്ചാംനൂറ്റാണ്ടിൽ കത്തോലിക്കാസഭയിൽനിന്നും മാറ്റ്പ്പാപ്പായുടെ ഐക്യത്തിൽനിന്നും വിട്ടുമാറുന്നതിനു മുമ്പു്, കത്തോലിക്കാസഭയിൽ വിളങ്ങിയിട്ടുള്ള പരിശുദ്ധരാണു്.

ആറാംനൂറ്റാണ്ടിൽ അനേകശതം പൌരസ്ത്യമെത്രാന്മാർ ഒപ്പിട്ട സ്ഥിരീകരിച്ചതും; ഖൊസന്തിയായിൽ വന്നൻ-ൽ സമ്മേളിച്ച എട്ടാമത്തെ പൊതുസുനഹദോസു് അംഗീകരിച്ചതുമായ, ഹൊർമീസ്ദാസു് മാറ്റ്പ്പാപ്പായുടെ വിശ്വാസപ്രമാണത്തിൽ പ്രസ്താവിച്ചിരിക്കുന്നതും, കത്തോലിക്കാസഭയുടെ ഐക്യത്തിൽനിന്നു നഹിഷ്കരിക്കപ്പെട്ടവരും റോമാസിംഹാസനത്തോടു് യോജിക്കാത്തവരും ഒന്നുതന്നെയാണെന്നാണു്.

ആകയാൽ ആദിമശതാബ്ദങ്ങളിൽ, അതായതു് ഇപ്പോഴും കത്തോലിക്കാസഭയ്ക്കു പുറമേ നിൽക്കുന്ന യാക്കോബായക്കാർ, നെസ്തോറിയർ, ഗ്രീക്കുശീശ്മക്കാർ മുതലായവർ കത്തോലിക്കാസഭയിൽനിന്നു വേർപിരിയുന്നതിനു മുമ്പുള്ള കാലത്തു, പാശ്ചാത്യസഭയ്ക്കും പൌരസ്ത്യസഭയ്ക്കും ഒരുപോലെ, വി. പ

(3) ML XVI, 916; (5) De Hart. EP. 55, EP. 54 } EP. 48
(4(do 1305. (6) } EP. 55
(7 ML. XI, 947; 958.

സിന്റെ സിംഹാസനം കത്തോലിക്കാ ഐക്യത്തിന്റെ കേന്ദ്രവും ഉല്പത്തിസ്ഥാനവും ആയിരുന്നു. ഈ വിശുദ്ധ സിംഹാസനത്തിന്റെ ഐക്യത്തിൽ സ്ഥിതി ചെയ്യാത്ത യാതൊരു പ്രാദേശികസഭയും കത്തോലിക്കാസഭയുടെ ഭാഗമായി ഗണിക്കപ്പെട്ടിരുന്നില്ല. ലത്തീൻസഭയാകട്ടെ, പൌരസ്ത്യസഭയാകട്ടെ, കത്തോലിക്കത്വം പ്രാപിച്ചിരുന്നതു കത്തോലിക്കാ ഐക്യത്തിന്റെ ഉല്പത്തിസ്ഥാനമായി ദൈവം നിശ്ചയിച്ച മാപ്പ്ലാപ്പായുമായുള്ള ഐക്യം മൂലമായിരുന്നു.

യാക്കോബായക്കാരുടെ പുനരൈക്യം

റവ. ഫാദർ പ്ളാസിഡ്, ഠറി. ഒ. സി. ഡി.
പി. എച്ച്. ഡി! ഡി. ഡി. ഡി. സി. എ*.

൪-ാം നൂറ്റാണ്ടിൽ ഏക സ്വഭാവ വാദം ഉൽഭവിച്ചു കഴിഞ്ഞശേഷം കത്തോലിക്കരും അകത്തോലിക്കരും അന്തിയോക്കിയാ സിംഹാസനം മാറിമാറി കൈവശം വെച്ചുകൊണ്ടിരുന്നു. ബൈസാന്തിയാചക്രവർത്തിമാരിൽ ചിലർ ഏക സ്വഭാവവാദികളായിരുന്നതിനാൽ അകത്തോലിക്കരുടെശക്തി ചിലപ്പോളെല്ലാം വളരെ പ്രബലപ്പെട്ടിട്ടുണ്ട്. ൫൧൨-ൽ സെവേരുസ് എന്ന ഏക സ്വഭാവവാദി രാജശക്തിയുടെ അന്തിയോക്കിയാസിംഹാസനംകരസ്ഥമാക്കി. എന്നാൽ ൫൧൮-ൽ ഭരണമാരംഭിച്ച യുസ്തീനുസ് ചക്രവർത്തി സെവേരുസിനെ ബഹിഷ്ക്കരിക്കുകയും അലക്സാന്ത്യാ ഒഴിച്ചുള്ള പൌരസ്ത്യസിംഹാസനങ്ങളെല്ലാം കത്തോലിക്കരെ ഭരമേല്പിക്കയും ചെയ്തു. യുസ്തീനുസിന്റെ പിൻഗാമിയായിവന്ന യുസ്തിനിയാനുസ് അലക്സാന്ത്യായെയും ഏകസ്വഭാവശല്യത്തിൽനിന്നു സ്വതന്ത്രമാക്കി. ഏകസ്വഭാവവാദികളായിരുന്ന പല മെത്രാന്മാരെയും അദ്ദേഹം ബന്ധനസ്ഥരാക്കി. ഇതോടെ ഏകസ്വഭാവവാദം ക്ഷയോന്മുഖമാകയും ഏകസ്വഭാവവാദികളിൽ പല അവാന്തരവിഭാ

ഗണങ്ങളുണ്ടാകുകയും ചെയ്തു. മ്ശിഹായുടെ ശരീരം ക്ഷയാധീനമാണെന്നു ചിലരും അല്ലെന്നു മറ്റുചിലരും അതു സൃഷ്ടമാണെന്നു ഒരു കൂട്ടരും അല്ലെന്നു വേറൊരുകൂട്ടരും വാദിച്ചിരുന്നു. മിശിഹായ്ക്കു സർവ്വജ്ഞാനമില്ലെന്നും ഉണ്ടെന്നും പഠിപ്പിച്ചിരുന്നവരും മൂന്നുദേവന്മാരുണ്ടെന്നു പ്രസംഗിച്ചിരുന്നവരും അവരുടെയിടയിലുണ്ടായി. ഇങ്ങനെ ഇരുപതോളം വിഭിന്നകക്ഷികളുണ്ടാകുകനിമിത്തം ഏകസ്വഭാവവാദം നാമാവശേഷമാകുമെന്ന കാലഘട്ടം ആസന്നമായി. മിശിഹായുടെ ശരീരം ക്ഷയാധീനമാണെന്നു പഠിപ്പിച്ചിരുന്ന മുൻപറഞ്ഞ സെബേരൂസിന്റെ ശിഷ്യൻമാർയാക്കോബു് എന്നൊരാൾ മത്സരകക്ഷികളെ ഏകീഭവിപ്പിച്ചു് ഏകസ്വഭാവവാദം പുനർജീവിപ്പിച്ചു. ചക്രവർത്തിയെഭയന്നു ഒട്ടകജീനി തുണിപുതച്ചു വേഷംമാറി നടന്നിരുന്നതിനാൽ സുറിയാനിയിൽ "ഒട്ടകജീനിക്കാരൻ" എന്നർത്ഥമുള്ള ബുർദ്ദൂആയാഎന്ന മറുനാമം മാർയാക്കോബിനുണ്ടായി. ചക്രവർത്തി തടവിൽ പാർപ്പിച്ചിരുന്ന ഒരുമെത്രാനിൽനിന്നു രാത്രിസമയം മെത്രാൻപട്ടം സ്വീകരിച്ചശേഷം പലസ്ഥലങ്ങളിൽ ചുറ്റിനടന്നു അനേകരെ അദ്ദേഹം മെത്രാൻസ്ഥാനത്തും പട്ടസ്ഥാനത്തുമുയർത്തി. അന്തിയോക്കിയാ സിംഹാസനമന്നു കത്തോലിക്കരുടെ കൈവശമായിരുന്നതിനാൽ മാർ യാക്കോബു കിഴക്കോട്ടുമാറി തന്റെ അനുഗാമികൾക്കായി മർദ്ദീൻ ഭാഗത്തു ഒരു "അന്തിയോക്കിയാപാത്രിക്കീസി"നെ സ്ഥാപിച്ചു. സെബേരൂസിന്റെ പിൻഗാമിയായിട്ടത്രെ ഈ പാത്രിയാക്കീസു വാഴിക്കപ്പെട്ടതു്. ഇതാണു യാക്കോബായസഭയുടെ ഉത്ഭവം.

വി. യാക്കോബുശ്ലീഹായിൽ നിന്നോ വി. യാക്കോബുശ്ലീഹായുടെ ആരാധനക്രമത്തിൽനിന്നോ അല്ല "യാക്കോബായക്കാർ" എന്ന നാമം ഉണ്ടായിട്ടുള്ളതു്. യാക്കോബു ബുർദ്ദൂആയാ ആകുന്നു ഈ നാമത്തിന്റെ കാരണഭൂതൻ. യാക്കോബായ സഭയിൽ ഏഴാം ശതാബ്ദത്തിൽ മഫ്രിയാൻ അഥവാ കാതോലിക്കാ ആയിരുന്ന സുപ്രസിദ്ധനായ ബർ എബ്രായതന്നെ ഇതു സമ്മതിച്ചു പറഞ്ഞിട്ടുണ്ടു്. (Chronil Eccl. I. 218, Syriac) വത്തിക്കാൻ ഗ്രന്ഥശാലയിൽ യാക്കോബായ സഭയുടെ ഒരു കയ്യെഴുത്തു പ

ഞ്ചാംഗം ഇരിപ്പുണ്ട്" (Codex Vatic Syriac L X V III. N 12) ഫർസുദി-നോട്ട് അടുത്തകാലത്താണ് അതെഴുതിയിട്ടുള്ളതു്. ഒരു യാക്കോബായക്കാരനാണ് അതിന്റെ കർത്താവു്. കുക്കടകം ന. ഫ-ാം തീയതിയിൽ ഇങ്ങനെ പറയുന്നു. "മോർ യാക്കൂബു് ബുർദ് ഓയോദ് മെത്തലോതെ ഏഗ്ത്താമഹനൻ യാക്കൂബോയെ" അതായതു് "മാർ യാക്കോബു് ബുർദ് ആയാ" അദ്ദേഹം നിമിത്തം നാം യാക്കോബായക്കാരെന്നു വിളിക്കപ്പെട്ടു. "യാക്കോബായ നാമത്തിനാം സഭയ്ക്കും ഐഹിക പുരാതന"ത്വമുണ്ടെന്നു "യാക്കോബായ" നാമത്തെ അടിസ്ഥാനപ്പെടുത്തി ചിലആധുനികന്മാർ വാദിക്കുന്നതു ശരിയല്ലെന്നു കാണിക്കുവാനാണു് ഇത്രയും പ്രസ്താവിച്ചതു്. ആറാം ശതാബ്ദത്തിൽ ഏകചിത്തവാദ പാഷാണ്ഡതയും യാക്കോബായക്കാർ സ്വീകരിച്ചു.

യാക്കോബായസഭയ്ക്കു് മുമ്പുണ്ടായിരുന്ന പ്രശസ്തി ഒട്ടുംതന്നെ ഇപ്പോഴില്ല. തുക്കിഗവർമ്മേണ്ടിന്റെ ഇഷ്ടാനുസരണം സഭാതലവൻ നിശ്ചയിക്കപ്പെട്ടിരുന്ന കാലമുണ്ടായിരുന്നു. ഇപ്പോഴും ഈ സ്ഥിതിക്കു തുക്കിരാജ്യത്തെ സംബന്ധിച്ചിടത്തോളം ഭേദം വരുവാൻ കാരണമുണ്ടായിട്ടില്ല. യാക്കോബായ ജനസംഖ്യ വളരെ കുറഞ്ഞുപോയി. ഇടക്കാലത്തു മാത്രം, അതും വാശിനിമിത്തവും തെറ്റിദ്ധാരണയാലും, യാക്കോബായമതം സ്വീകരിച്ച മലങ്കരനസ്രാണികളെ ഒഴിച്ചാൽ യാക്കോബായക്കാരുടെ സംഖ്യ ഇപ്പോൾ ൨൦൪൫ മാത്രമാകുന്നു. വിദേശത്തു നാനാപള്ളികളും൪൦ പട്ടക്കാരും മാത്രമെ യാക്കോബായക്കാർക്കുള്ളൂ. തുക്കിരാജ്യത്തിൽപാത്രിയർക്കീസിനു യാതൊന്നും പ്രവർത്തിക്കുവാൻ സാധിക്കാത്ത നിലയിലാണിരിപ്പു്. തുക്കിരാജ്യത്തുള്ളവർക്കു് പുറത്തുകടക്കുവാനും പുറത്തുള്ളവർക്കു് അകത്തു പ്രവേശിപ്പാനും അനുവാദമില്ല. പാത്രിയർക്കീസു് ഇപ്പോൾ തുക്കിരാജ്യത്തിനുപുറത്തു കിടന്നു ചുറുകുയാണു ചെയ്യുന്നതു്.

വിദേശ്യ യാക്കോബായക്കാരിൽ നിന്നു കത്തോലിക്കരായ പശ്ചിമസുറിയാനിക്കാരെയും, അന്തിയോക്യാ സുറിയാനിക്കാർ പശ്ചിമസുറിയാനിക്കാർ, സുറിയാനിക്കാർ, എന്നെല്ലാംഅറിയപ്പെടുന്നവർ. ഇവരുടെ മുറയ്ക്കുള്ള ആരംഭം ക്രൈ-ൽ ആകു

ന്നു. അതിനുമുമ്പും റോമ്മായുമായി പലപ്രാവശ്യം ഐക്യമുണ്ടായിട്ടുണ്ട്. മാർപാപ്പായുടെ ഐക്യത്തിൽ നിന്നിരുന്ന ധർമ്മസമ്മതനായ ഒരു അന്തിയോക്കിയാ പാത്രിയക്കീസ് (പൂരാതനഗ്രീക്കു മല്ലായ) ഉണ്ടായിരുന്നപ്പോഴാണു് യാക്കോബു ബുർദ്ദ് ആയ അന്തിയോക്കിയാ യാക്കോബായ പാത്രിയാക്കീസ് പദം സൃഷ്ടിച്ചതു്. യാക്കോബായ മതാദ്ധ്യക്ഷനു അന്തിയോക്കിയ പാത്രിയക്കീസെന്ന നാമത്തിനു് എത്രമാത്രം അർഹതയുണ്ടെന്നുള്ളതിൽ നിന്നുമനസ്സിലാക്കാമല്ലൊ. അങ്ങിനെയുള്ള ഒരുപാത്രിയക്കീസ് മാനസാന്തരപ്പെട്ടു് പൂർവ്വവിശ്വാസം സ്വീകരിച്ചപ്പോൾ കാരുണ്യവാരുധിയായ റോമ്മാ സിംഹാസനം അദ്ദേഹത്തെ ഒരു പാത്രിയക്കീസെന്ന നിലയിൽ മാത്രമല്ല ഒരു അന്തിയോക്കിയാപാത്രിയക്കീസെന്നനിലയിൽ കൂടെയും സസന്തോഷം സ്വീകരിക്കുകയുണ്ടായി. ഇങ്ങിനെയാണു് അന്തിയോക്കിയാ സുറിയാനിപാത്രിയക്കീസിന്റെ ഉത്ഭവം.

യാക്കോബായക്കാർ ഉപയോഗിക്കുന്ന ആരാധനക്രമം തെറ്റുകൂടാതിരുത്തി അന്തിയോക്കിയാ സുറിയാനിക്കാർ ഉപയോഗിക്കുന്നു. കുർബാനയിലും മറ്റും ഇരുകൂട്ടരും അറബി ധാരാളം ഉപയോഗിക്കുന്നുണ്ടു്. അതിന്റെ പ്രതിധ്വനിയായിട്ടാണു് മലങ്കര യാക്കോബായ ആരാധനക്രമത്തിൽമലയാളം കടന്നുകൂടിയിട്ടുള്ളതു്. പ്രോട്ടസ്റ്റന്റുബന്ധവും ഇതിനു കാരണമായിട്ടുണ്ടു്. ഉടുപ്പിലും നടപ്പിലും അന്തിയോക്കിയാ സുറിയാനി മെത്രാന്മാരും പട്ടക്കാരും യാക്കോബായരീതിയിൽ നിന്നു വ്യത്യാസം വരുത്തിയിട്ടില്ല. അബദ്ധങ്ങളപേക്ഷിച്ചു പുരാതന വിശ്വാസം സ്വീകരിക്കയും തദനുസരണം പ്രവർത്തിക്കയും ചെയ്യുന്നു എന്നതാണു് ഇവരും യാക്കോബായക്കാരും തമ്മിലുള്ള വ്യത്യാസം. ഈ വ്യത്യാസം ഏറ്റവും സാരമായതാണെന്നു എല്ലാവരും സമ്മതിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ "വിശ്വാസം കൂടാതെ ദൈവത്തെപ്രസാദിപ്പിക്കുക അസാദ്ധ്യമാകുന്നു." ശീസ്മ മഹാപാപവുമാണു്.

ഇവക്കു് ഇപ്പോൾ നു മെത്രാപ്പോലീത്താമാരും 4 മെത്രാന്മാരും 5 കശീശകളും 2 പട്ടക്കാരും ഫർ സന്ന്യാസികളും നു൪

പള്ളികളും നടന്നുവെ ആളുകളും ഉണ്ട്. (അമേരിക്കയിലുള്ള നടനടന സുറിയാനിക്കാരേയും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.) മലങ്കര യാക്കോബായക്കാർ കൂത്താലിക്കരാകുമ്പോൾ ഈദൃശമായ ഒരു രീതിയിൽ ഉൾപ്പെട്ടുന്നതാണു്.

പ്രായോഗികമായ വേദപ്രചാരണം.

(റവ. ഫാദർ ജോഷ്വാ വയലിൽ, വിശാഖപട്ടണം.)

യുവതികളുടെ ആലോചനയ്ക്കു്.

ജനങ്ങളെ സന്മാർഗ്ഗനിരതരും മതനിഷ്ഠയുള്ളവരും ആക്കുന്നതിനു പറ്റിയ മാർഗ്ഗമെന്തെന്നു് ആലോചിക്കുന്നതിനായി പണ്ടു സ്പെയിൻരാജ്യത്തു് വിദ്വൽജനങ്ങളുടെ ഒരുവലിയ സമ്മേളനം നടന്നുവത്രെ. കായ്പരിപാടിയനുസരിച്ചു് പല മഹാന്മാർ അവരവരുടെ അഭിപ്രായങ്ങളും വാഗ്ധാടിയോടുകൂടി യോഗത്തിൽ അവതരിപ്പിച്ചു. ഒടുവിൽ ഒരു വിദ്വാവൃദ്ധൻ വളരെഘനഭാവത്തിൽ എഴുന്നേൽക്കുന്നു. പ്രൗഢമായ ഒരുപ്രസംഗം കേൾക്കാമെന്നു ഭ്രമിച്ചു് എല്ലാവരും മൌനം അവലംബിക്കുന്നു. പ്രാസംഗികൻ അല്പസമയം സഗൌരവം നിന്നശേഷം, കീശയിൽനിന്നും പഴത്തുചീഞ്ഞ ഒരു ആറ്റിപ്പഴം എടുത്തു് സദസ്യരുടെ മുമ്പിൽ എറിയുന്നു. അപ്രതീക്ഷിതമായ ഈ പ്രവൃത്തിയുടെ അന്തരാർത്ഥം ഗ്രഹിക്കാതെ എല്ലാവരും കണ്ണുമിഴിച്ചിരിക്കുകയിൽ പ്രാസംഗികൻ ചോദിച്ചു. "മാന്യരെ, ഈ "ആറ്റിപ്പഴം" പഴംകൊണ്ടു് വല്ല ഉപയോഗവുമുണ്ടോ? ഇല്ല. അതു ചീഞ്ഞതാണു്, എന്നു നിങ്ങൾപറയും. ശരിതന്നെ. എന്നാൽ, ചീച്ചിലിനിടയിലുള്ള കുരുക്കൾ മുളപ്പിച്ചു് ശ്രദ്ധാപൂർവ്വം വളർത്തുവിൻ. അപ്പോൾ നല്ലപഴങ്ങൾ നിങ്ങൾക്കു ലഭിക്കും" എന്നുപറഞ്ഞു പ്രസംഗം ഉപസംഹരിച്ചു. ശിഷ്യരുടെ സ്വഭാവശുദ്ധീകരണത്തിലും സന്മാർഗ്ഗപരമായ വിദ്യാഭ്യാസത്തിലും വേണ്ടതുശ്രദ്ധ പതിക്കുകയാണു് കായ്യത്തിനു് ഏറ്റവും പറ്റിയ മാർഗ്ഗമെന്നു് എല്ലാവർക്കും ബോദ്ധ്യമായി.

പുരുഷൈസ്സുവെരെ വിശ്വാസസ്ഥിരതയുള്ളവരും സന്മാർഗ്ഗനിരതരും ആക്കുന്നതിനു്, കുട്ടികളുടെ,--പ്രത്യേകിച്ചു്, അടുത്ത തലമുറയുടെ മാതാക്കളാകേണ്ട പെൺകുട്ടികളുടെ---ക്രീസ്തീയ ശുപീകരണത്തിലും വേദാദ്ധ്യായനത്തിലും ശ്രദ്ധപതിക്കുന്നതിനേക്കാൾ മെച്ചമായ അന്യമാർഗ്ഗം ഉണ്ടെന്നു തോന്നുന്നില്ല. എന്നാൽ ഈവേലക്കു് പറ്റിയവർ സ്ത്രീകൾ തന്നെയാണെന്നുള്ളതു് നിസ്തർക്കമാണു്. ഈ വസ്തുത മനസ്സിലാക്കി പാശ്ചാത്യരാജ്യങ്ങളിൽ നിന്നും വിവിധ സഭക്കാരായ അനേകകന്യാസ്ത്രീകൾ ഭാരതത്തിലെവിസ്തൃതങ്ങളായ വേദപ്രചാര രംഗങ്ങളിൽ പ്രശസ്തമാംവണ്ണംവേലചെയ്യുവരുന്നു എന്നുള്ളതും, ഭാരതമാനസാന്തരത്തിൽ പാശ്ചാത്യരെക്കാൾ കൂടുതൽ ചുമതല നമുക്കുണ്ടെന്നുള്ളതും കേരളീയ യുവതികളുടെ ചിന്താവിഷയമാകേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. വിശുദ്ധ യൌസേപ്പിന്റെ സഹോദരിമാർ, (Sisters of st. Joseph)എന്നസഭയിൽപെട്ട,പ്രഞ്ചുകാരായ കന്യാസ്ത്രീകൾ ഈ (വിശാഖപട്ടണം) രൂപതയിൽ അനാഥശാലകൾനടത്തുക, ആതുരാലയങ്ങളിൽ രോഗികളെ ശുശ്രൂഷിക്കുക മുതലായ വേലകൾക്കു പുറമെ, പലബാലികാ പാഠശാലകൾക്രമേ നടത്തിവരുന്നുണ്ടു്. ഇന്നിയും പല സ്ഥലങ്ങളിൽ സ്ക്കൂളുകൾ തുറക്കുന്നതിനു് അവർ ആഗ്രഹിക്കുന്നുവെങ്കിലും നടത്താൻ ആളില്ലാത്തതിനാൽ സാധിക്കുന്നില്ല.

ഭാഗ്യവശാൽ കേരളീയ യുവാക്കന്മാരിൽനിന്നു് എന്നപോലെ യുവതികളിൽനിന്നും അനേകരെ നല്ലദൈവം അങ്ങേ ശുശ്രൂഷാർത്ഥം വിളിക്കുന്നുണ്ടു്. "ഞാൻ ഒരു മിഷ്യനറി ആകും; ഏതാനും കാലത്തേയ്ക്കു മാത്രമല്ല, ലോകസൃഷ്ടിമുതൽ ലോകാവസാനംവരെ ഒരു മിഷ്യനറിയായിരിപ്പാൻ കഴിയുമെന്നായിരുന്നാൽ അതാണു് എന്റെ ആഗ്രഹം" എന്നു വിശുദ്ധ കൊച്ചുത്തേസ്യായോടുകൂടെ പരമാർത്ഥബുദ്ധ്യാ പറയത്തക്ക മനസ്ഥിതിയോടുകൂടിയവരും എന്നാൽ ആഗ്രഹനിവൃത്തിക്കു് വഴി കാണായ്കയാൽ കഷണിക്കുന്നവരും ആയ പല യുവതിമാർ കേരളത്തിൽ ഇല്ലാതെവരികയില്ല. കുറെ ഇംഗ്ലീഷ് വിദ്യാഭ്യാസവും (മൂന്നാം ഫാറമെങ്കിലും പാസ്സായിരിക്കണം.) ദൈവസ്നേഹത്തിനു് ഹോമബലികളാ

സ്വയം അപ്പിക്കാൻ ആഗ്രഹവുമുള്ള ഏതാനും കേരളീയ യുവതികളെ യാതൊരു പത്രമോനിയും കൂടാതെ സഭയിൽ സ്വീകരിക്കാമെന്നു് ബ. ശ്രേഷ്ഠത്തിയമ്മ ഞങ്ങളെ അറിയിച്ച വിവരം ഇതിനാൽ തെയ്യ്യപ്പെട്ടത്തിക്കൊള്ളുന്നു. ചേരാനാഗ്രഹിക്കുന്നവർ The Rev. Mother superior, St Joseph's Convent, Waltaire എന്ന മേൽവിലാസത്തിൽ അപേക്ഷിക്കേണ്ടതാണു്.

ഏവരോടും ഒരു വാക്കു്.

നമ്മുടെ വിശ്വാസ വെളിച്ചത്തെ മൂടിയിരുന്ന പറ, നീങ്ങിയിരിക്കുന്നു. ഇനി നാം ചെയ്യേണ്ടതു് വിശാല ഹൃദയത്തോടുകൂടെ ഈ വെളിച്ചത്തെ ഉയർന്ന ഒരു വിളക്കുതണ്ടിന്മേൽ സ്ഥാപിക്കുകയെന്നതാണു്. നമ്മുടെ സത്യദീപവെളിച്ചം കേരളത്തെ ഉജ്ജ്വലിപ്പിക്കട്ടെ---പോരാ. സഹ്യപർവ്വത മുടികളെ തരണംചെയ്തു ഭാരതത്തെ മുഴുവൻ പ്രകാശിപ്പിക്കട്ടെ. കണ്ടാലും, "വിളവു് എത്ര വിസ്താരമുള്ളതും വേലക്കാരോ എന്നാൽ എത്ര ചുരുക്കവും ആകുന്നു. അതിനാൽ വിളവിലേയ്ക്കു് കൂടുതൽ വേലക്കാരെ അയയ്ക്കുവാൻ വിളവിന്റെ യജമാനനോടു് അപേക്ഷിക്കുവിൻ." എന്നദിവ്യരക്ഷകന്റെ അനുശാസനാനുസരണം, മിഷ്യനറി ദൈവവിളി വർദ്ധിക്കുന്നതിനു് നമുക്കു് പ്രാർത്ഥിക്കാം. സ്വാർത്ഥം വെടിഞ്ഞു് പുറപ്പെടാൻ ദൈവപ്രേരണ ലഭിക്കുന്ന യുവതീയുവാക്കന്മാരെ എല്ലാവരും പ്രോത്സാഹിപ്പിക്കുകയും, ദൈവികങ്ങളിൽ ഏറ്റവും ദിവ്യമായ മിഷ്യനറി വേലക്കായി തന്റെ പുത്രനേയോ പുത്രിയേയോ അയയ്ക്കാനിടയായാൽ അതു ഒരു മഹാഭാഗ്യമായി കാരണവന്മാർ കരുതുകയും ചെയ്യട്ടെ. വാക്കാലും നാവുകൊണ്ടും (മാത്രം) സ്നേഹിക്കാതെ പ്രവൃത്തിയിലും സത്യത്തിലും നമുക്കു് സ്നേഹിക്കാം. (1 John 11. 1.) എന്ന വേദവാക്യം ഇവിടെ സ്മർത്തവ്യമത്രേ.

വി. ജോൺ ബാപ്റ്റിസ്റ്റ് ഡി. ലാ. സാം.

റവ. ഫാദർ ചാൾസ് ടി. ഒ. സി. ഡി. ബി. എ.

"ജോൺബാപ്റ്റിസ്റ്റ ഡി. ലാ. സാം. എന്തുചെയ്തു? അദ്ദേഹം അദ്ധ്യാപകന്മാരുടെ ഒരു സഭയെ സ്ഥാപിച്ചു. അദ്ധ്യാപകവൃത്തിയെ ഒരു വേദാഭ്യാസമായി പകർത്തിക്കൊണ്ട് അദ്ദേഹം അതിനെ മഹത്വപ്പെടുത്തുകയും ഉയർത്തുകയും ചെയ്തു."

ഫ്റാൻസിസ് തോംസൺ.

എല്ലാവിശുദ്ധന്മാരിലും ദൈവത്തിന്റെ മഹിമ വിളങ്ങുന്നുണ്ട്. വി. ഡി. ലാ. സാളിൽ ദൈവം തന്റെ വലിപ്പത്തെ ശോഭിപ്പിക്കുവാൻ ചിന്തമായതു് ഒരു പ്രത്യേക വിധത്തിലാണ്. മഹനീയ ഗുണങ്ങളാൽ അലംകൃതനും പണ്ഡിതനും ഉൽകൃഷ്ടവംശജനും റീംസുദേവാലയത്തിന്റെ ശോഭയും ആയ ഈ യുവവൈദികൻ ഭൌതികകീർത്തിപ്രാബല്യങ്ങളെല്ലാം ത്യജിച്ചു തന്റെ ആയുസ്സിനെ സധ്രുക്കുട്ടികളുടെ വിദ്യാഭ്യാസാർത്ഥം പ്രതിഷ്ഠിച്ചതു വിസ്മയാവഹംതന്നെ.

ജോൺബാപ്ടിസ്റ്റ് ഡി. ലാ. സാം റീംസിൽ ഏപ്രിൽ മാസം-ൽ- ജാതനായി. അദ്ദേഹത്തിന്റെ പിതാവു് ഒരു ഉത്തമക്രിസ്ത്യാനിയും ഫ്റാൻസു രാജാവിന്റെ മന്ത്രിമാരിൽ ഒരുവനുമായിരുന്നു. ബാല്യപ്രായം മുതൽക്കേ ഡി. ലാ. സാം ദൈവഭക്തിയിൽ ശോഭിച്ചിരുന്നു എന്നു തന്നെയല്ല, പള്ളിയിൽ വി. കർബാനയുടെ സന്നിധിയിൽ തന്റെ ഏറ്റവും വലിയ സന്തോഷം കണ്ടെത്തിയുമിരുന്നു. സുകൃതത്തിലും ജ്ഞാനസമ്പാദനത്തിലും ത്വരിതമായി പുരോഗമിച്ചിരുന്നതിനാൽ ഫ്രന്ത്രാമത്തെ വയസ്സിൽ റീംസുമെത്രാസനപള്ളിയിൽ "കാനോൻ" സ്ഥാനിയായി നിയമിക്കപ്പെട്ടു. അദ്ധ്യയനം തുടർന്നു നടത്തി റീംസുസർവകലാ

ശാലയിൽനിന്നും ഫൻ-ാമത്തെ വയസ്സിൽ ഉന്നതബിരുദകർമം സമ്പാദിച്ചു. പിന്നീടുസെൻറ് സംപ്പീസ് സെമിനാരിയിൽ വൈദികാഭ്യസനം നടത്തുകയും പണ്ഡിതബിരുദ സ്വീകാർഹമാംവണ്ണം നേടുകയും ഫ്രൻവ്വെ-ൽ പുരോഹിതപട്ടം സ്വീകരിക്കുകയും ചെയ്തു.

പട്ടക്കാരനായശേഷം ആത്മരക്ഷയിലുള്ള അദ്ദേഹത്തിൻെറ തീക്ഷ്ണത അത്യധികമായി ശോഭിച്ചു. ഏറ്റവും കഠിനപാപികളെപ്പോലും മാനസാന്തരപ്പെടുത്തുന്നതിനുള്ള പ്രത്യേകവരം അദ്ദേഹത്തിനുണ്ടായിരുന്നു. ദരിദ്രരെ അദ്ദേഹം ആർദ്രതയോടുകൂടി സ്നേഹിച്ചിരുന്നു. ആശാനിഗ്രഹം, പ്രായശ്ചിത്തപ്രവൃത്തികൾ, ഉപവാസം മുതലായവയെ അനുഷ്ഠിക്കുന്നതിലും ചിലപ്പോൾ രാത്രികാലം മുഴുവനും പ്രാർത്ഥനയിൽ ചെലവഴിക്കുന്നതിലും അദ്ദേഹം ജാഗരൂകനായിരുന്നു. വെള്ളിയാഴ്ചതോറും രാത്രിസമയം വി- റേമിയുടെ പള്ളിയിൽ തന്നെ അടച്ചുപൂട്ടുന്നതിനു കപ്യാരെ നിർബന്ധിച്ചിരുന്നുവെന്നുള്ളതും അവിടെ ഉറക്കമൊഴിവിലും പ്രാർത്ഥനയിലും സമയം വ്യയം ചെയ്തിരുന്നുവെന്നുള്ളതും പ്രസ്താവ്യമാണു്. ദൈവപരിപാലനം ഈതരത്തിൽ ഈ വിശുദ്ധനെ തൻെറവേലക്കു ഒരുക്കുകയായിരുന്നു.

ഡി. ലാ. സാളിൻെറ ഉള്ളിൽ ജ്വലിച്ചിരുന്ന ശ്ലൈഹികതീക്ഷ്ണതക്കു ആദ്യവിഷയംലഭിച്ചതു സാധു ബാലികകളുടെ അഭ്യസനത്തിന്നായി ഏർപ്പെട്ടിരുന്ന കന്യകകളുടെ ആത്മീയ നടത്തൽ അദ്ദേഹത്തെ ഏല്പിച്ചപ്പോളത്തെ. തൻെറ സ്നേഹിതനായ കാനൊൻ റൊളൻഡിനാൽ ആരംഭമായ ഈ സ്ഥാപനത്തെ ഡി. ലാ. സാൾ വിജയപ്രദമായിനടത്തി സക്കാർ അംഗീകരണം താമസംവിനാ സമ്പാദിച്ചു. തദനന്തരം അതിൻെറ ഭരണത്തിൽ നിന്നു വിരമിച്ചു പഴയജോലി നിർവ്വഹിച്ചുകൊണ്ടിരുന്നു.

ഡി. ലാ. സാളിൻെറ ജീവിതത്തിലെ ഏറ്റവംവലിയതും മഹിമയേറിയതുംആയി പ്രശോഭിക്കുന്നവേല നിശ്ചയമായി ഭ്രാതൃസഭയുടെ സ്ഥാപനമാണെന്നു നിസ്സംശയം പറയാം. അനേകാനേക പെറു ബാലികാബാലന്മാരുടെ നല്ലവളത്തലിനും നിത്യരക്ഷക്കും ഭൗമിക ഭാഗ്യത്തിനുപോലും കാരണഭൂതമായ ഒരു മ

ഹൽ സ്ഥാപനത്തിനു എങ്ങനെ അദ്ദേഹം ദൈവപരിപാല നയുടെ തുക്കരങ്ങളിൽ കരുവായിത്തീർന്നുവെന്നു നമുക്കുനോക്കാം.

ഫർമത്തെ ലൂയീസുഎന്ന വിശ്വവിശ്രുതനായ രാജാവ ത്തെ ഈ കാലഘട്ടത്തിൽ പ്രാൻസിനെ ഭരിച്ചിരുന്നതു. എന്നാ ൽ ഐശ്വര്യവും പ്രതാപവും എല്ലാം രാജാരമനയേയും പ്രഭുക്ക ന്മാരുടെ കൊട്ടാരങ്ങളേയും രാജകീയ സ്ഥാപനങ്ങളേയും മാത്രമെ ശോഭനമാക്കിയിരുന്നുള്ളു. ജനതാമദ്ധ്യേ ദാരിദ്ര്യവും കഷ്ടത കളും അറിവില്ലായ്മയും പലതരങ്ങളായ ദുർഗ്ഗുണങ്ങളും കുടികൊ ണ്ടിരുന്നു. സാധാരണ ജനങ്ങളുടെകാര്യം ആരും അന്വേഷി ച്ചിരുന്നില്ല.

ഡെ- ലാ- സാളിന്റെ ആദ്യജോലി ബാലികമാരെ പഠി പ്പിച്ചിരുന്ന ഒരു കന്യകാസമൂഹത്തിന്റെ ആത്മീയ ഭരണമായി രുന്നുവെന്നും അദ്ദേഹത്തിന്റെ ഉത്സാഹത്താലും നൈപുണ്യ ത്താലും ആ സഭ ഉൽക്കൃഷ്ടപ്പെട്ടു രാജ്യഭരണകർത്താക്കളുടെ അം ഗീകരണവും ആനുകൂല്യവും പ്രാപിക്കാൻ ഇടയായി എന്നും മു ൻപു പറഞ്ഞല്ലോ. ഇങ്ങനെ അദ്ദേഹത്തിനു സിദ്ധിച്ച വി ജയവും പരിചയവും ഒരു നവീനപ്രസ്ഥാനത്തിനു ഹേതുഭൂതമാ യി. മുൻപ്രസ്താവിച്ച കന്യകകളുടെ സമൂഹത്തെ അത്യന്തം സ്നേ ഹിച്ചു സർവ്വാത്മനാ സഹായിച്ചിരുന്ന ഒരു മഹതി "റൂവൻ" പ ട്ടണത്തിൽ ജീവിച്ചിരുന്നു. ബാലികകൾക്കു ഈ കന്യകാസമൂ ഹം മൂലം ഉണ്ടായ ഗുണഗണങ്ങൾ ബാലന്മാർക്കും സിദ്ധിക്കണമെ ന്നു് ആ ഗുണവതി അതിയായി ആഗ്രഹിച്ചിരുന്നു. ഇതിലേക്കു തന്നെ സഹായിക്കുന്നതിനു "നെയൻ" എന്ന സമർത്ഥനും ഉൽ സാഹിയുമായ ഒരു സാഹൃദയനെ അവർ തെരിഞ്ഞെടുക്കയും ത ന്റെ ചാവ്വക്കാരനും മഹാനുമായ ഡെ. ലാ. സാളിന്റെ പക്കൽ ശുപാർശകത്തുകളോടുകൂടെ അവരും അയയ്ക്കയും ചെയ്തു. ഡെ. ലാ. സാളും നെയലിനെ സ്നേഹപൂർവ്വം സ്വീകരിച്ചു് ഒരു പാഠ ശാല സ്ഥാപിക്കുന്നതിനു വേണ്ട സഹായമെല്ലാം ചെയ്തുകൊടു ത്തു. വേറൊരു മാന്യസ്ത്രീയുടെ അപേക്ഷാനുസരണം വേറൊരു പാഠശാലയും തുടങ്ങുവാനിടയായി. നെയൻ ക്രൂതൽ സ്ക്കൂ

കും സ്ഥാപിക്കുന്നതിനായി പല സ്ഥലങ്ങളിലും ചുറ്റി നടന്നതിനാൽ ഈ രണ്ടുസ്ക്കൂളുകളേയും നടത്തുന്ന ഭാരം ഡെ. ലാ. സാലും തന്നെ വഹിച്ചുവന്നു.

ഡെ. ലാ. സാലും ഉപാദ്ധ്യായന്മാക്കായി ഒരുവീട്ടു ക്രമീകരിക്കയും സ്വന്ത കൃഷിനിലയിൽ നിന്നു ഭക്ഷണം കൊടുത്തയക്കയും ഒരു ജീവിതക്രമം അവക്കായി എഴുതികൊടുക്കയും ചെയ്തു. ക്രമേണ അവരുടെ വേലയിൽ അദ്ദേഹത്തിന്നു അഭിരുചിതോന്നി തുടങ്ങിഎങ്കിലും അവരുടെഅപരിഷ്കൃതജീവിതരീതി അദ്ദേഹത്തിന്നു അസഹ്യം തന്നെ ആയിരുന്നു. അവരെ പരിഷ്കൃതരും ആയ്ചരിതരും ആക്കുന്നതിന്നു ഒരുപായം മാത്രമെ അദ്ദേഹം കണ്ടുള്ളൂ. അതാവട്ടെ അദ്ദേഹത്തിന്റെ ഉന്നത ജീവിതരീതിക്കു അത്യന്തംവിപരീതമായിരുന്നു. ഈ ത്യാഗംചെയ്യുന്നതിന്നുതന്നെ അദ്ദേഹം തീർച്ചയാക്കി. അവരെ തന്റെ സ്വന്തവസതിയിലും സ്വന്ത മേശയിൽ പോലും സ്വീകരിച്ചു. അദ്ദേഹത്തിന്റെ സ്നേഹിതക്കും സംബന്ധികൾക്കും ഈ പ്രവൃത്തി അശ്ലേഷം രസിക്കയില്ലെന്നു അദ്ദേഹം ഭയന്നു. അനന്തര സംഭവവും ഈ ഭയം അടിസ്ഥാനരഹിതമല്ലെന്നു വെളിപ്പെട്ടുത്തി. മഹാമനസ്ക്കതയോടെ ഇവയെല്ലാം സഹിക്കുവാൻ ഒരുമ്പെട്ടു. അദ്ദേഹം അവരെ തന്റെ വസതിയിൽ തന്നെ താമസിപ്പിച്ചുകൊണ്ടു തന്റെ ആഭിശ്രമസരണം അവരെ അഭ്യസിപ്പിക്കുവാൻ തുടങ്ങി. അദ്ധ്യാപകവൃത്തി ഫലപ്രദമായി നിർവ്വഹിക്കുന്നതിന്നും സന്ന്യാസാനുഷ്ഠാനത്തിന്റെ വിവിധാഭ്യാസങ്ങളെ പരിശീലിക്കുന്നതിന്നും ശാന്തമായനയോപായങ്ങളാൽ അദ്ദേഹം അവരെ വശംവദരാക്കി. ഈ ഗണത്തിൽ ക്രമേണ അനേകം വന്നു ചേരുകയും അവരെയും അദ്ദേഹം സ്വീകരിച്ചു പരിശീലിപ്പിക്കയും ചെയ്തു.

ഡെ.ലാ. സാളിന്റെ സ്തുത്യർഹമായ പ്രസ്ഥാനത്തിന്റെ കീർത്തി പരന്നതിനോടെ പുതിയസ്ഥാപനങ്ങളും തുടങ്ങണമെന്നു അപേക്ഷകളും സമീപദേശങ്ങളിൽ നിന്നു വന്നുകൊണ്ടിരുന്നു. തന്റെ "കാനോൻ" ഉദ്യോഗത്തിന്റെ കടമകൾക്കു വീഴ്ചവരത്തക്കവണ്ണം പുതിയവേലയുടെ ജോലികളും വഹിച്ചിരിക്കുന്നതാ

യി അദ്ദേഹം ശങ്കിച്ചുതുടങ്ങി. വാദ്ധ്യാന്മാർ തങ്ങളുടെ ഭാവിയെ പറ്റി ചിന്താമഗ്നരായി. സമ്പന്നനായ "കാനോൻ" അച്ചന്നു യാതൊന്നും ഭയപ്പെടാനില്ലെന്നും തങ്ങളുടെ സ്ഥിതിയാവട്ടെ ഭയത്തിന്നു അവകാശമുള്ളതാണെന്നും അവർ കാണാതിരുന്നില്ല- അവരുടെ വിചാരഗതികളെയും അദ്ദേഹം മനസ്സിലാക്കി. തന്റെ ശിഷ്യഗണത്തെ ഒന്നിച്ചു നിത്തണമെങ്കിൽ അദ്ദേഹവും അവരിൽ ഒരുവനാകണമെന്ന സംഗതിസ്പഷ്ടമായി. ഭാവിയിലേക്കുനോക്കുകയിൽ അനേകായിരം ആത്മാവുകൾ അവരെ ഉപേക്ഷിക്കരുതെന്നു അദ്ദേഹത്തോടു അർത്ഥിക്കുന്നതായി അദ്ദേഹത്തിന്നു തോന്നി. ആവശ്യപ്പെട്ട ത്യാഗമോ വലിയതായിരുന്നു. ഡെ.ലാ. സാഠംതന്റെ കാനോൻ സ്ഥാനം രാജിവെച്ചു. തനിക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു നല്കി "റെത്തൻ" എന്നദേശത്തേക്കു പോവുകയിൽ, യാചിച്ചു ഭക്ഷണം കഴിക്കാൻ ആവശ്യപ്പെട്ടത്തക്കവണ്ണം അത്രയും ദരിദ്രാവസ്ഥയെ അദ്ദേഹം സ്വീകരിച്ചു. ഇതിനുപരി അദ്ദേഹത്തിൻറ ജീവിതം ഒരു സന്യാസവ്യവസ്ഥയായിരുന്നു. തന്റെ ശിഷ്യരുടെ ആഹാരസാധനങ്ങൾ അദ്ദേഹത്തിന്റെ ഉന്നത ജീവിതരീതിക്കു യോജിച്ചതല്ലായിരുന്നതിനാൽ അദ്ദേഹം അത്യധികം കഷ്ടപ്പെട്ടു. എതുഭക്ഷണവും കഴിപ്പാൻ മനസ്സുവരത്തക്കവണ്ണം വിശപ്പുണ്ടാകുന്നതുവരെ പട്ടിണികിടന്നുകൊണ്ടു അദ്ദേഹം ഈ വിഷമതയെ ജയിച്ചു.

ഈ കാലത്തു റീംസുപ്രദേശത്തു മാത്രമെ ഡെ.ലാ. സാളിന്റെ സ്ക്കൂളുകൾ സ്ഥാപിതങ്ങളായിരുന്നുള്ളൂ. ഫ്രന്വവ്യ.ൽ പാരീസിന്നടുത്ത "സെൻറുസുൾപ്പിസു" ഇടവകയിൽ ഒരു പാഠശാല അദ്ദേഹം സ്ഥപിച്ചു. അടുത്ത വർഷം അവിടെത്തന്നെ വേറൊരു സ്ക്കൂളും സ്ഥാപിക്കപ്പെട്ടു. പ്രവാസത്തിൽ വസിച്ചിരുന്ന ഇംഗ്ലണ്ടു രാജാവായ ജെയിംസു് ദ്വിതീയൻ തന്റെ സഹചാരികളായ ഐറിഷ് പ്രഭുക്കന്മാരുടെ പുത്രരെ അഭ്യസിപ്പിക്കുന്നതിന്നായി ഒരു പാഠശാലയെ അന്വേഷിച്ചപ്പോൾ പാരീസു് മെത്രാപ്പോലീത്താ ഡെ-ല-ാ സാളിന്റെ പാഠശാലയെ ശുപാർശ ചെയ്തതിനാൽ പുണ്യവാന്റെ പ്രസ്ഥാനം കീർത്തി പ്രാപിക്കുന്നതിനിടയാ

യി. ഡൊ-ലാ-സാൾ അന്വതിലധികം പ്രൊട്ടസ്റ്റന്റുകാരന്മാരെ തന്റെ പാഠശാലയിൽ സ്വീകരിച്ചു. ജെയിംസ് രാജാവുതന്നെ പിന്നീട് പ്രസ്തുത പാഠശാലയെ സന്ദർശിക്കയും അവിടുത്തെ രീതികളേയും അദ്ധ്യാപകന്മാരുടെ അഭിവൃദ്ധിയെയും കണ്ടു സന്തോഷിക്കയുമുണ്ടായി.

കുടുംബങ്ങളിലെ കൂട്ടപ്രാർത്ഥന.

ഒക്ടോബർ മാസത്തിലെ പൊതുനിയോഗം.

(പത്രാധിപർ)

മനുഷ്യവർഗ്ഗത്തിന്റെ നിലനില്പിനും, ലൌകികവും ആദ്ധ്യാത്മികവുമായ പരിപാലനത്തിനും പരിശീലനത്തിനുമായി, ദൈവകല്പിതമായ ഒരു സ്ഥാപനമത്രെ കുടുംബമെന്നു പറയുന്നതു്. എന്നാൽ കുടുംബാംഗങ്ങളുടെ ശാരീരികാവശ്യങ്ങളെ നിറവേറ്റുന്നതിനും ലൌകിക കാര്യങ്ങളിൽ അവരെ പരിശീലിപ്പിക്കുന്നതിനും മാത്രമല്ല കുടുംബത്തലവന്മാർക്കു കടമയുള്ളതു്. മാനസികവും ആദ്ധ്യാത്മികവുമായ ആവശ്യങ്ങളെ നിറവേറ്റി കുടുംബാംഗങ്ങളെ യഥാർത്ഥ ക്രിസ്ത്യാനികളാക്കുന്നതിനുള്ള ചുമതലയാണു് കുത്തോലിക്കാ മാതാപിതാക്കന്മാരിൽ മുഖ്യമായി സ്ഥിതി ചെയ്യുന്നതെന്നുള്ളതു് ഈ മാസത്തിൽ പ്രത്യേകം നാം ഓർത്തിരിക്കേണ്ടതാണു്.

ഒരു ശിശുവിന്റെ പ്രഥമവും പ്രധാനവുമായ വിദ്യാലയം കുടുംബമാണെന്നു വിദ്യാഭ്യാസ വിദഗ്ദ്ധന്മാർ പറയുന്നു. വിദ്യാഭ്യാസാർത്ഥം സമുദായങ്ങളും സഭയും ഗവർമ്മെൻറും നടത്തുന്ന ഇതരസ്ഥാപനങ്ങളും ഈ പ്രഥമ വിദ്യാലയത്തിന്റെ ജോലിയെ പൂർത്തീകരിക്കുക മാത്രമെ ചെയ്യുന്നുള്ളു. അതുകയാൽ ശിശുക്കളെ യഥാർത്ഥ ക്രിസ്ത്യാനികളായി വളർത്തുന്നതിനു സകല അഭ്യാസങ്ങളും ഒരു കുടുംബത്തിൽ അനുഷ്ഠിക്കേണ്ടതു് അത്യാവശ്യമാണു്.

കുടുംബാംഗങ്ങളുടെ ആദ്ധ്യാത്മികവും ക്രിസ്തീയവുമായ പരിശീലനത്തിനും അഭിവൃദ്ധിക്കും ഏറ്റവും യോജിച്ച ഒരു കൃത്യമാണു് കുടുംബങ്ങളിലെ ക്രൈസ്തവപ്രാർത്ഥന. ഈ വാസ്തവം ഒരുദാഹരണംകൊണ്ടു തെളിയിക്കാവുന്നതാണു്. കത്തോലിക്കു് കുടുംബങ്ങളിൽ നിയമേന അനുഷ്ഠിക്കപ്പെട്ടു വരുന്നതും ഈ ഒക്ടോബർ മാസത്തിൽ പ്രത്യേകം ബഹുമാനിക്കപ്പെട്ടു വരുന്നതുമായ ജപമാല നമസ്കാരമെന്ന ക്രൈസ്തവപ്രാർത്ഥനയെ പരിശോധിച്ചാൽ ഈ വാസ്തവം നമുക്കു കൂടുതൽ വിശദമാകുന്നതാണു്. നമ്മുടെ രക്ഷകനായ ഈശോമിശിഹായുടെ ജീവിതഘട്ടങ്ങളെപ്പറ്റി ധ്യാനിച്ചു നമ്മുടെ ജീവിതത്തെ അങ്ങേ ജീവിതത്തോടനുയോജ്യമാക്കുകയെന്നുള്ളതാണല്ലോ യഥാർത്ഥമായ ക്രിസ്തീയ പരിശീലനം. സാക്ഷാൽ ജപമാലയിലെ ഓരോ രഹസ്യങ്ങളെപ്പറ്റിയുള്ള ധ്യാനത്തിൽ അടങ്ങിയിരിക്കുന്നതു് ഇതുതന്നെയാണല്ലൊ. ഒരു പൂർണ്ണ ജപമാലയിലെ പതിനഞ്ചു രഹസ്യങ്ങളും സാക്ഷാൽ സുവിശേഷത്തിന്റെ രത്നച്ചുരുക്കം തന്നെയാണു്. ഈ സുവിശേഷസാരത്തെപ്പറ്റിയുള്ള നമ്മുടെ ധ്യാനം അത്യന്തം അവധാനപൂർവ്വമായും പ്രാർത്ഥനാപരമായും ഗാഢമായും നടത്തുന്നതിനു വേണ്ടിയത്രെ ഓരോ രഹസ്യവും കഴിഞ്ഞു് ഒരു ആകാശങ്ങളിലിരിക്കുന്നതും പിതൃനന്മനിറഞ്ഞ മറിയവും ഒരു ത്രീത്വസ്തുതിയും ഈചാല്ലേണമെന്നു തിരുസഭ കല്പിച്ചിരിക്കുന്നതു്. അതുകയാൽ ധ്യാനസമ്പൂർണ്ണവും നമ്മുടെ ക്രിസ്തീയ പരിശീലനത്തിന്റെ അടിസ്ഥാനവുമായ ഒരു കുടുംബപ്രാർത്ഥനയാണു് കൊന്തനമസ്കാരമെന്നുള്ളതു് സ്പഷ്ടമായി വിശദമാണല്ലോ. അതുമൂലമാണു് ഈ ജപത്തിനും ഇതുപോലെതന്നെയുള്ള കുടുംബപ്രാർത്ഥനകൾക്കും ഉള്ള പ്രാധാന്യത്തെ ഈ മാസത്തിൽ തിരുസഭ നമ്മെ പ്രത്യേക വിധത്തിൽ അനുസ്മരിപ്പിക്കുന്നതു്.

എന്നാൽ ഇക്കാലങ്ങളിൽ ലൗകിക ചിന്തകളാലും കേവലം പാഠാർത്ഥികമായ നാഗരികതയാലും കുടുംബങ്ങളുടെ നിലനില്പും യോജിപ്പും അത്യന്തം സംശയിക്കത്തക്ക ഒരു പതനത്തിൽ വന്നെത്തിയിരിക്കുന്നു. റഷ്യൻ വിപ്ലവകാരികളുടെ അഭിപ്രായപ്രകാരം കുടുംബമെന്നും മതമെന്നും രണ്ടു സ്ഥാപനങ്ങളും അനാ

വശ്യമെന്നുള്ള നിലയിലായിട്ടുണ്ട്. ലൌകിക വ്യവഹാരങ്ങളിൽപെട്ട നട്ടംതിരിയുന്നചില പാശ്ചാത്യരാജ്യങ്ങളിൽ പ്രാർത്ഥനാസമയത്തുകുടുംബാംഗങ്ങൾ ഒരുമിച്ചുചേർന്നു കൂട്ടമായിപ്രാർത്ഥന നടത്തുന്ന സമ്പ്രദായം മിക്കവാറും നശിച്ചുപോയിരിക്കുന്നു. നമ്മുടെ ഈ മലയാളകത്തോലിക്കരുടെ ഇടയിൽ പൂർവ്വികകാലം മുതൽ പതിവായും കണിശമായും കുടുംബപ്രാർത്ഥനകൾ നടന്നുവരികയും കുട്ടികളെ കുടുംബപ്രാർത്ഥനകൾ പഠിപ്പിക്കുകയും പതിവായിരുന്നുവെങ്കിലും കുറഞ്ഞോരിടയായി ഈ ആദരണീയമായ പതിവിനു പലയിടങ്ങളിലു വ്യത്യാസം കണ്ടുവരുന്നതു് അത്യന്തം സന്താപകരമാണെന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു. ഈ ഭക്തികൃത്യം പതിവായി നടത്തിക്കൊണ്ടുവരുന്ന കുടുംബങ്ങളിൽതന്നെയും വേണ്ടിടത്തോളമുള്ള ഭക്തിയാകട്ടെ, അവധാനപൂർവ്വമായ ധ്യാനമാകട്ടെ, ഇല്ലാതെ ഏതൊക്കെയോ ധൃതിയിൽ ചൊല്ലിക്കൂട്ടുന്നപതിവു സാധാരണ പ്രത്യക്ഷപ്പെട്ടുകാണുന്നതു് അന്യമതസ്ഥന്മാരുടെ ദൃഷ്ടിയിൽപോലും ആക്ഷേപാർഹമായി കാണപ്പെട്ടുന്നുണ്ട്. ഇതെത്രയോ സങ്കടകരമായ ഒരു സംഗതിയാകുന്നു!

ആകയാൽ സകല കത്തോലിക്ക കുടുംബങ്ങളിലും കൂട്ടപ്രാർത്ഥനകൾ യഥാകാലം, യഥാവിധി, നടത്തപ്പെട്ടുന്നതിനും തൽഫലമായി സാക്ഷാത്തായ ക്രിസ്തീയപരിശീലനവും സുകൃതാഭിവൃദ്ധിയും കത്തോലിക്കലോകത്തിനുണ്ടാകുന്നതിനുംവേണ്ടി ഈ മാസത്തിൽ ജപമാലയുടെ സംഖ്യാംഗങ്ങൾ പ്രത്യേകം പ്രാർത്ഥിപ്പാറാകണം.

റിൽഓവൻ തയാർ.

—*—

മനോഹരമായ വേല! മിതമായവില!

St. Joseph's Embroidery Works. Changanacherry.

കർബ്ബാനക്കുപ്പായം മുതലായ തിരുവസ്ത്രങ്ങൾ വില്പനയുണ്ട്.

ജേക്കബ് സി. കല്ലുകളം
അരമനഗയിറ്റ്, ചങ്ങനാശേരി.

* "പൗരസ്ത്യസഭകൾ."

(കെ. ഇ. ജോസഫ് എം. എ. എൽ. ടി.)

വലതുരങ്ങളായ കിഴക്കൻസഭകളുടെ, പ്രത്യേകിച്ച് വിവിധങ്ങളായ സുറിയാനി സഭകളുടെ ഉത്ഭവം, ചരിത്രം, പ്രത്യേകതകൾ, കത്തോലിക്കസഭയിൽനിന്നുള്ള വേർപാട്, വിശ്വാസം, ആരാധനാരീതി, പുനരൈക്യപരിശ്രമങ്ങൾ മുതലായവയെപ്പറ്റി വിശദമായി വിവരിക്കുന്ന ഒരു ചെറുഗ്രന്ഥമാണ് പണ്ഡിതനായ റവ. ഡോക്ടർ പ്ലാസിഡ് ടി. ഒ. സി. ഡി. അവർകളാൽ വിരചിതമായ "പൌരസ്ത്യസഭകൾ". ഈ ഉദ്ദേശമായ ഒരു പ്രസിദ്ധീകരണം ഇതേവരെ മലയാള ഭാഷയിൽ ഇല്ലാതെയിരുന്ന കുറവിനെ ഈ ഗ്രന്ഥം പരിഹരിച്ചു കാണുന്നതു തുലോം ചാരിതാർഥ്യജനകമാണ്. ഈ നാട്ടിലെ ഹൈന്ദവജനങ്ങളിൽ പലരും ക്രിസ്തുമതം ഒരു പാശ്ചാത്യമതമാണെന്നു നിർല്ലജ്ജം പ്രഘോഷണം ചെയ്യാറുള്ളതോർക്കുമ്പോൾ ഈ ഗ്രന്ഥത്തിന്റെ നാമധേയശ്രവണംതന്നെ ആ അബദ്ധത്തെ നിർമ്മൂലമാക്കുമെന്നുവിചാരിക്കുണ്ടിയിരിക്കുന്നു. ഇനിയും നമ്മുടെ നാട്ടിലെ ചില അകത്തോലിക്ക ക്രൈസ്തവ 'പണ്ഡിത'ന്മാരുടെ തെറ്റിദ്ധാരണകളെപ്പറ്റി ചിന്തിക്കുമ്പോഴാണ് ഈ ഗ്രന്ഥത്തിന്റെ പ്രയോജനം കൂടുതൽ വിശദമാകുന്നതു്. കത്തോലിക്കസഭയെ പാശ്ചാത്യസഭയായും, കിഴക്കൻ ദേശങ്ങളിലെ ഏതാനുമുട്ടു സഭകളെമാത്രം പൌരസ്ത്യസഭകളായും അവർ സങ്കല്പിച്ചുവരുന്നു. ഈ മാനദണ്ഡം വച്ചുള്ള അവരുടെ പരിഗണനയിൽ കത്തോലിക്കസഭയിൽ നിന്നുപിരിയുന്നു മാത്രമെ ഉള്ളു എന്നു തോന്നിപ്പോകും. സാധുക്കളായ എത്ര ആളുകളെ കത്തോലിക്കസഭാപ്രകാശത്തിൽനിന്നും തിരിച്ചു നിറുത്തുന്നതിനു ഈ ദുർവ്യാഖ്യങ്ങൾക്കു സാധിച്ചിട്ടുണ്ടെന്നുള്ളതു പറഞ്ഞറിയിക്കുവാൻ പ്രയാസം. അതുകൊണ്ടു ഈ ദുർവ്യാഖ്യാനങ്ങളെ നീക്കുന്നതിനു പറ്റിയപോലുള്ള വിധത്തിൽ ഒരു ഗ്രന്ഥം തന്നെ രചിക്കുന്നതിൽ റവ. ഡോക്ടർ പ്ലാസിഡ് അവർകൾ പ്രദർശിപ്പിച്ചിട്ടുള്ള ഔചിത്യവും നൈപുണ്യവും തികച്ചും പ്രശംസാർഹമാണ്.

സാക്ഷാൽ പാശ്ചാത്യസഭയും പൌരസ്ത്യസഭയും എന്ന വിഭജനം ആദിമകാലങ്ങളിൽ റോമാസാമ്രാജ്യത്തിലുണ്ടായിരുന്ന പാശ്ചാത്യ പൌരസ്ത്യവിഭജനത്തെ അടിസ്ഥാനപ്പെടുത്തി തുടങ്ങിയിട്ടുള്ളതാണ്.

---

* സെൻറ് ജോസഫ്സ് പ്രസ്സ്, മാന്നാനം. വില ചക്രം ൧൨.

ഈ വിഭജനം റോമാസാമ്രാജ്യത്തിന്റെ അധഃപതനത്തോടുകൂടി അത്ഥശൂന്യമായിട്ടുണ്ടെങ്കിലും നാമാവശേഷമായിട്ടില്ല. പൌരസ്ത്യസഭകൾ കത്തോലിക്കൈക്യത്തിൽനിന്നു നിശ്ശേഷം വിട്ടുപോയതായി യാതൊരു ചരിത്രരേഖയും കാണുന്നില്ല. അബദ്ധോപദേശപ്രസക്തികൊണ്ടോ, ജാതീയമത്സരംകൊണ്ടോ വല്ല പൌരസ്ത്യരും വഴി പിഴച്ചു കാൽവച്ചിട്ടുണ്ടെങ്കിൽ അവരൊക്കെയും ധൂർത്തപുത്രന്മാരെപ്പോലെ പ്രതിവത്സരം കത്തോലിക്കാ സഭാമാതാവിനെ അടയും പ്രാപിച്ചു വരുന്നതായി ഈ ഗ്രന്ഥാവലോകനം പ്രസ്പഷ്ടമാക്കുന്നതാണ്. "ദൈവികരഹസ്യങ്ങളുടെ നേർക്കു വിശ്വാസികളുടെ ഭക്തിബഹുമാനങ്ങളെ വർദ്ധിപ്പിക്കുന്നവയും ശോഭനവും മഹനീയവുമായ വിധത്തിൽ നടത്തപ്പെടുന്നവയും ആയ ശുശ്രൂഷകൾ പൌരസ്ത്യരുടെ അരുമനക്രമത്തിൽ ഉണ്ട്." എന്നു പരിശുദ്ധന്മാർപാപ്പാമാർ ബോദ്ധ്യം വന്നിട്ടുള്ളതിനാൽ അവയെ കത്തോലിക്കസഭ ഒരിക്കലും നശിപ്പിക്കാറില്ല എന്നുള്ള വസ്തുതക്കും അനേകഉദാഹരണങ്ങൾ ഈ പുസ്തകത്തിൽനിന്നു ലഭിക്കുന്നതാണ്.

അത്യന്തം അവസരോചിതമായ ഈ പ്രസിദ്ധീകരണത്തിനു് അതർഹിക്കുന്ന വിധത്തിലുള്ളപ്രചാരം അതിവേഗത്തിൽ സംസിദ്ധമാകട്ടെ എന്നുള്ള ആശംസയോടുകൂടി ഈ ലഘുനിരൂപണത്തെ ഇവിടെ സമാപിപ്പിച്ചുകൊള്ളുന്നു.

വാർത്താസംഗ്രഹം.

മാതാവിന്റെ രൂപം.—പതിനേഴാം നൂറ്റാണ്ടിൽ പോർത്തുഗൽ രാജ്യത്തുനിന്നു കൊണ്ടുവന്ന ബോംബെയിലുള്ള ഒരു കത്തോലിക്കാ ദേവാലയത്തിൽ സൂക്ഷിച്ചിരുന്ന മാതാവിന്റെ ഒരു രൂപം ഏഴാം നൂറ്റാണ്ടിൽ മഹാരാഷ്ടന്മാർ കവർന്നുകൊണ്ടുപോയ ഒരു ഹൈന്ദവക്ഷേത്രത്തിൽ വച്ചു വണങ്ങിയിരുന്നു. എന്നാൽ ഈ അടുത്തുണ്ടായ ഇൻഡോർ മഹാരാജാവു് ഈ രൂപം ദൈവസ്നേഹി ഈർവിൻ പ്രഭുവിനു സമ്മാനിക്കുകയും അദ്ദേഹം അതു സിംല്ലായിലെ കത്തോലിക്കാ ദേവാലയത്തിലേയ്ക്കു ദാനം ചെയ്യുകയും ചെയ്തു.

സൌഹാർദ്ദസമ്മേളനം.—ഇൻഡ്യൻ ഭരണപരിഷ്കാരപ്രതിനിധിയെപ്പറ്റി അഭിപ്രായമന്വേഷിക്കുന്നതിലേക്കു് ഇംഗ്ലണ്ടിൽ കൂടുവാനിരിക്കു

ന്ന സൌഹാർട്ട സമ്മേളനത്തിലേക്ക് ഇൻഡ്യൻ ക്രിസ്ത്യൻ പ്രതിനിധിയായി റാവു. ബഹുമാന്യർ ഏ. റാ. പന്നീർ സെർവം അവർകളെ ഗവമ്മെൻറിൽനിന്നും തിരഞ്ഞെടുത്തിരിക്കുന്നു. സമസ്തഭാരതകത്തോലിക്കു് കോൺഫറൻസിന്റെ അദ്ധ്യക്ഷനായിരുന്ന ഇദ്ദേഹത്തിന്റെ ഈ പുതിയ ബഹുമതിയിൽ ഞങ്ങൾ സന്തോഷിക്കുന്നു.

വിജയപുരം രൂപത.—കോട്ടയത്തു നല്ലയിടയന്റെ പള്ളി ഭദ്രാസനദേവാലയമായി. സ്ഥാപിതമായിരിക്കുന്ന പുതിയ വിജയപുരം രൂപതയുടെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കയായി വെരി. റവ. ഫാദർ ബെനഞ്ചർ ഒ. സി. ഡി. അവർകളെ തിരുസിംഹാസനത്തിൽനിന്നു കല്പിച്ചനുശ്വയിച്ചിരിക്കുന്നു.

തിരുവനന്തപുരം രൂപത....ആധുനിക കൊല്ലം രൂപതയുടെ മദ്ധ്യഭാഗത്തെ ഉൾപ്പെടുത്തി തിരുവനന്തപുരംകേന്ദ്രമാക്കി ഒരു പുതിയ രൂപത സ്ഥാപിക്കപ്പെട്ടുന്നതെന്നും ഈ രൂപതയുടെ പ്രഥമാദ്ധ്യക്ഷനായി ഒരു ബെൽജ്യൻ കർമ്മലീത്താ പൈതികൻ നിയമിക്കപ്പെട്ടുവാനെളുപ്പമുണ്ടെന്നും കേൾക്കുന്നു.

ലാംബെത്ത കോൺഫറൻസ്....പ്രോട്ടസ്റ്റൻറു സഭാ "മേലദ്ധ്യക്ഷന്മാരുടെ ഒരു കോൺഫറൻസ് ഇംഗ്ലണ്ടിൽ ലാംബെത്ത നഗരത്തിൽ വച്ചു കൂടുകയുണ്ടായല്ലോ. അവിടെവച്ചുണ്ടായ പല പുതിയ നിശ്ചയിങ്ങളിൽ ഒന്നു്, സ്ത്രീകൾക്കു പൈതികപട്ടം കൊടുക്കണമെന്നുള്ളതായിരുന്നുവത്രെ. നോക്കണേ, ശ്ലീഹന്മാരുടെ അഭിപ്രായവും പ്രോട്ടസ്റ്റൻറു ബിഷപ്പന്മാരുടെ അഭിപ്രായവും തമ്മിലുള്ള വ്യത്യാസം!!

ഡെലിഗാറിന്റെ സുഖക്കേടു്—ഇൻഡ്യൻഡലിഗറപ്പസ്തോലിക്കു എഡ്വർഡ് മൂണി തിരുമനസ്സുകൊണ്ടു വിശ്രമാർത്ഥം അമേരിക്കയ്ക്കു പോയിരിക്കുന്നു, ബ്രോങ്കൈറിസ് സുഖക്കേടുമൂലം ദീനശയ്യയെ അവലംബിക്കേണ്ടതായി വന്നുകൂടി എങ്കിലും ഇപ്പോൾ പൂർണ്ണ സുഖം പ്രാപിച്ചിരിക്കുന്നതായി അറിയുന്നു.

സന്തോഷപ്രദം—കത്തോലിക്കു യുവജനസമാജവും പ്രൊസിസ്സോസ് മൂന്നാംസഭയുംകൂടി സംഘടിപ്പിക്കുന്നതിന്റെ ആവശ്യവും പ്രയോജനവും കാണിച്ചു മദ്ധ്യസ്ഥനിൽ പ്രസിദ്ധീകരിച്ചിരുന്ന ഒരു ലേഖനത്തിന്റെ ഫലമായി തിടനാട്ടുപള്ളി ഇടവകയിൽ ഈ ഉദ്ദേശമായ ഒരു സംഘടന നടന്നിട്ടുള്ളതായി അറിയുന്നതിൽ സന്തോഷിക്കുന്നു.

ജനസംഖ്യ—അടുത്തുവരുന്ന കനേഷുമാരിക്കണക്കിൽ "റോമൻ കത്തോലിക്കാ സുറിയാനിക്കാർ" എന്ന പേരിൽ സുറിയാനിക്കാരും

റോമൻ കത്തോലിക്കരുടെ ലത്തീൻകാർ എന്നും ലത്തീൻകാരും, റോമൻ കത്തോലിക്കരുടെ വകുപ്പിന്റെ രണ്ടു ശാഖകളായി വിഭജിക്കപ്പെടേണ്ടതാണെന്നും കാണിച്ച് അധികാരസ്ഥാനങ്ങളിൽനിന്നും ഗവർമ്മെണ്ടിലേക്ക് എഴുതിയിട്ടുള്ളതായി അറിയുന്നു, പൊതുജനങ്ങളും ഇതറിഞ്ഞിരിക്കേണ്ടതാണ്.

സന്തോഷിക്കുന്നു:—"പാപ്പായുടെ ആധിപത്യവും മി. കെ. എൻ. ഡാനിയലും എന്ന ഗ്രന്ഥത്തെ സംബന്ധിച്ചുണ്ടായ ആക്ഷേപങ്ങളും പ്രത്യുത്തരങ്ങളും" എന്ന അഭിധാനത്തിൽ ഒരു ചെറുഗ്രന്ഥം മി. കെ. സി. തോമസ് ബി. ഏ എൽ. ടി. എഴുതി അകത്തോലിക്കരുടെ ഇടയിൽ സൌജന്യമായി വിതരണം ചെയ്യുവരുന്നതിൽ സന്തോഷിക്കുന്നു. നാലുപണ്ടു കാശ് സ്റ്റാമ്പടക്കം ചെയ്യുപേക്ഷിക്കുന്ന പക്ഷം ഈ ചെറുഗ്രന്ഥം ചങ്ങനാശ്ശേരിൽ മി. പി. സി. തോമസ് ബ്രദേഴ്സിൽ നിന്നും കിട്ടുന്നതാണ്.

ചരമവാർത്തകൾ.

ചങ്ങനാശേരിഇടവക കാത്തിക്കപ്പള്ളിൽ (വെട്ടിത്തുരുത്തിൽ) ബ. ദേവസ്യാച്ചൻ തന്റെ 66-ാമത്തെവയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. R. I. P.

കരുർപള്ളിഇടവക മംഗലത്തിൽ ദേവസ്യാ ഫ്രാൻസീസിന്റെ ഭാര്യയായ ഈകഴിഞ്ഞ ഓഗസ്റ്റ് മാസം 20-ാംനു- ശനിയാഴ്ച അന്ത്യകൂദാശകളൊക്കെയും സുബോധത്തോടുകൂടി കൈക്കൊണ്ട് കർത്താവിൽ ഭാഗ്യമരണംപ്രാപിച്ചിരിക്കുന്നു.

കണിയാമ്പടിക്കൽ ബ. ദേവസ്യാച്ചന്റെസഹോദരനും ഭരണങ്ങാനം ഇംഗ്ലീഷ്സ്കൂൾ ഹെഡ്മാസ്റ്ററുമായ മി. കെ. ജെ. ജോസപ്പിന്റെഭാര്യ ശ്രീമതി റോസമ്മ ചിങ്ങം 19-ാംതീയതി അന്ത്യകൂദാശകളെല്ലാം സുബോധത്തോടുകൂടെക്കൊണ്ട് കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ഇരുവരുടെ ആത്മാനുകൂല്യാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

ഉപകാരസ്മരണ.

വി. കൊച്ചുത്രേസ്യയുടെ സഹായത്താൽ സിദ്ധിച്ച നന്മയ്ക്ക് ഉപകരസ്മരണയായി ഒരുരൂപാ അയക്കുന്നു.

വേദപ്രചാരമദ്ധ്യസ്ഥൻ (ഒരു പ്രതിമാസപത്രിക.)
വരിസംഖ്യ ആണ്ടടക്കം ഒരു രൂപാ.
മാന്വേജർ, ചങ്ങനാശേരി.

വിൽപാനുള്ള പുസ്തകങ്ങൾ.

	Rs.	as.	p		Rs.	as.	p.
Holy Bible	1	4	0	ഗൃഹോപദേശക	0	8	0
Imitation of Christ	0	12	0	പതിനെട്ടലക്ഷം ഇരുപ			
New Testament	0	1	0	വക്കു ക്രിസ്തുവല്ലാതെ ഗത്യന്തരമില്ല			
വേദോപദേശം	0	3	0	സ്.എൻ മാധവൻപിള്ള	0	10	0
രാജാക്കന്മാരുടെ				ഫാദർക്കു ഓസ്സാനാം	0	8	0
പുസ്തകം	1	2	0	ശ്രവണപീയൂഷം	0	1	0
തീർത്ഥയാത്രാസ്മരണകൾ				കത്തോലിക്കാസഭയും വേ			
റവ.സിറിയക്കുപ്പിൽ	0	8	0	ദപുസ്തകവും റവ ഫാ.			
തിരുഹൃദയാനുകരണം	1	14	0	സ്റ്റോറിയാ പുവത്തുകൾ	0	1	0
കേരളത്തിലെക്രിസ്തുമതം കെ. ഇ.				കത്തോലിക്കാസഭഎന്നാ			
ജോബ് എം. എ	1	0	0	യിരിക്കുന്നു? റവ.			
പാപ്പായുടെ ആധിപത്യവും				ഫാദർകാർട്ടിഎസ്സ്.ജെ.	0	1	0
മിസ്റ്റർ കെ. എൻ. ഡാനിയേലും.				ജോവാൻഓഫ് അർക്ക്	0	10	0
കെ. സി. തോമസ്സ് ബി എ				പരമസത്യങ്ങൾ	0	2	3
എൽ. ടി.	0	8	0	തിരുശിരസ്സ്	0	2	0

മദ്ധ്യസ്ഥൻ ബുക്ക്ഡിപ്പോ, ചങ്ങനാശേരി.

പഞ്ചാംഗം.

ഒക്ടോബർ വട

എ. ഭാ. കാ. മറിയത്തിന്റെ കൊന്തനമസ്കാരത്തിന്റെയും,
മാലാഖാമാരുടെയും മാസം.

ഇം. മല.

ഭ. ഗ്രീ. ഞ. ✠ പന്ത. ഗ–ാം ഞ. കദ് ര. കദ.
ഗവ. വന്ന. ഞ. ✠ പന്ത. ഗവ–ാം ഞ. ഹറ. ഭ ഭെസ്.
ഗൻ. നു. ഞ. ✠ പന്ത. ഗൻ–ാം ഞ. കദ്. സ ഹറ.
വ–ന്യ. ഗാ. ഞ. ✠ പന്ത. വാ–ാം ഞ. ഹറ. ഭ ഹറ.
നാളെ ഇ. വി. അടുത്ത ശനി. കട.

ബഥനിയും കത്തോലിക്കരും.

ഈ വിഷയം സംബന്ധിച്ച് അറിവാൻ രണ്ടു പുസ്തകങ്ങൾ വായിച്ചാൽമതി. ഒന്നാന്തരം നോവലുകൾപോലെ എന്നു സമ്മതിക്കപ്പെട്ടിട്ടുള്ള വിധം വായനക്കാരെ പിടിച്ചിരുത്തി വായിപ്പിക്കുവാൻ സരസമായ ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള ഈ രണ്ടു പുസ്തകങ്ങളും ഉടൻ വരുത്തിക്കൊൾക.

"ഗിരിദീപം" ആശ്രമത്തിന്റെ ആരംഭം മുതലുള്ള ചി
ത്രം ബയസ്കോപ്പിലെ ചിത്രങ്ങൾപോലെ മനോഹരമായി ഇതിൽ കാണാം. വില ഒരു ചക്രം.

"മലങ്കര സഭയുടെ കുഴൽക്കണ്ണാടി"

ഉദിയംപേരൂർ സൂനഹദോസിനുശേഷം ഇതുവരെയുണ്ടായിട്ടുള്ള പുത്തനാകുന്ന ഒന്നുകൊണ്ടിനു വേണ്ടി ചരോത്തർ ചെയ്തിട്ടുള്ളതും ചെയ്യാനുദ്ദേശിക്കുന്നതുമായ പരിശ്രമങ്ങളെക്കുറിച്ച് രസകരമായി ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. വില ഏഴു ചക്രം.

മാനേജർ, എ. ആർ. വി. പ്രസ്സ് കുന്നംകുളം.
അഥവാ
ബഹുശ്രീ പൊലൂസ് ശെമ്മാശൻ,
ബഥനിപ്പള്ളി, തിരുവല്ല.
അഥവാ
മദ്ധ്യസ്ഥൻ ബുക്ക്ഡിപ്പോ, മങ്ങനാശേരി.

തയ്യാറായിരിക്കുന്നു.

"ജ്ഞാനപ്പൊന്തോട്ടം"

ഒരു ഒന്നാന്തരം പ്രാർത്ഥനാപുസ്തകം.

ദിവ്യപൂജ, കുമ്പസാരം, കുർബ്ബാന, വി. കു. വിസീത്ത, ഒരുമണി ആരാധന, സ്ലീവാവഴി, മരിച്ചവർക്കുള്ള ധ്യാനങ്ങൾ, സംഗീതങ്ങൾ, പ്രാർത്ഥനകൾ, ധ്യാനികൾ, സുവിശേഷങ്ങൾ മുതലായി ഒരു കത്തോലിക്കനു വേണ്ടതായ സകലതും ഇതിലുണ്ട്. ഉപയോഗക്രമത്തിനു അനേകം ചിത്രങ്ങളും വി. പ്രാ. മു. സഭയുടെ ചിരപുരാതനമായ ഒരു ചിത്രവും ഇതിലടങ്ങിയിരിക്കുന്നു.

കടലാസ്സിൽ ബയണ്ടു വില ആണാ വു.
"മദ്ധ്യസ്ഥൻ" ബുക്ക്ഡിപ്പോ,
മങ്ങനാശേരി.

printed and published by Rev. Fr. M. Alakalam at the St. Joseph's Orphanage Press: Changanacherry.